# പതിനഞ്ചാം കേരള നിയമസഭ

# ( FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VIII

## (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

## (ECONOMIC AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

**(2024 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31st MARCH 2024)**

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]**

**[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2024 ജൂലൈ 4-ാം തീയതി സമർപ്പിച്ചത്**

**(Presented on 4th July, 2024)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2024

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2024

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

സാമ്പത്തിക കാര്യങ്ങൾ

(ECONOMIC AFFAIRS)

ആനുകാലിക റിപ്പോർട്ട്
(2024 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH 2024)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

925/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 18 |

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2023-2026)

**ഘടന**

<u>അദ്ധ്യക്ഷൻ</u>

ശ്രീ. കെ. എൻ. ബാലഗോപാൽ,
ധനകാര്യ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

ശ്രീ. എം. ബി. രാജേഷ്,
തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പുമന്ത്രി.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021 ജൂൺ 7-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 26 പ്രകാരം 2021-2023 കാലയളവിലേയ്ക്കായും 2023 ഡിസംബർ 7-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 445 പ്രകാരം 2023-2026 കാലയളവിലേയ്ക്കായും രൂപീകരിച്ച സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത കാലയളവിൽ സമിതി 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 4 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കും 2 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കുമായാണ് ചേർന്നത്. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ഹാജർ നില ശരാശരി 68.68% ആയിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ അദ്ധ്യായം-I- ലും സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ അദ്ധ്യായം-II-ലും സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ അദ്ധ്യായം-III- ലും നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം IV-ലും നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ അദ്ധ്യായം V-ലും ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള (2023-24) ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം,

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അദ്ധ്യായം VI-ലും സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ അദ്ധ്യായം VII-ലും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2024 ജൂലൈ 2-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2024 ജൂലൈ 4.

**കെ. എൻ. ബാലഗോപാൽ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

# റിപ്പോർട്ട്

<u>അദ്ധ്യായം I</u>

**സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ**

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII താഴെപ്പറയും പ്രകാരം ആറ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)-മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

3. Report of the Subject Committee on The Kerala Taxation Laws (Amendment) Bill, 2023 and the Bill as reported by the Subject Committee.

4. Report of the Subject Committee on the Abkari (Amendment) Bill, 2023 and the Bill as reported by the Subject Committee.

5. Report of the Subject Committee on The Indian Partnership (Kerala Amendment) Bill, 2023 and the Bill as reported by the Subject Committee.

6. Report of the Subject Committee on The Kerala State Goods and Services Tax (Amendment) Bill, 2024 and the Bill as reported by the Subject Committee.

<u>അദ്ധ്യായം II</u>

**സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ**

1. <u>The Kerala Taxation Laws (Amendment) Bill, 2023</u>

സമിതി 9-8-2023-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 10-8-2023-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. <u>The Abkari (Amendment) Bill, 2023</u>

സമിതി 9-8-2023-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 10-8-2023-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. <u>The Indian Partnership (Kerala Amendment )Bill, 2023</u>

സമിതി 23-8-2023-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 11-9-2023-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. The Kerala State Goods and Services Tax (Amendment) Bill, 2024

സമിതി 1-2-2024-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2-2-2024-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ

### എ) സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ

1. The Kerala General Sales Tax (Amendment) Rules, 2023
2. The Kerala Value Added Tax (Amendment) Rules, 2023

(ഫയൽ നം. 9064/സബ്.സി.ഇ 2/2023/ലെജി.)

(റഫറൻസ് നം. ബി1/112/2023/റ്റി.ഡി., തീയതി 7-8-2023)

പ്രസ്തുത കരട് ചട്ടങ്ങൾ 8-11-2023-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

3. The Foreign Liquor (........ Amendment) Rules, 2023

(ഫയൽ നം. 13902/സബ്. സി.ഇ 2/2022/നി.സെ.)

(റഫറൻസ് നം. ജി1/181/2021/നികുതി തീയതി 14-9-2023)

പ്രസ്തുത കരട് ചട്ടം 28-2-2024-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

4. The Kerala Micro Distillary Rules, 2023

(ഫയൽ നം. 15434/സബ്. സി.ഇ 2/2023/നി.സെ.)

(റഫറൻസ് നം. ജി1/188/2021/നികുതി, തീയതി 12-9-2023)

പ്രസ്തുത കരട് ചട്ടം 28-2-2024-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

5. The Kerala Sweet Toddy (NEERA) (Amendment) Rule, 2023

(ഫയൽ നം. 19926/സബ്.സി.ഇ 2/2023/നി.സെ.)

(റഫറൻസ് നം. ജി1/143/2021/നികുതി തീയതി 10-1-2024)

പ്രസ്തുത കരട് ചട്ടം 28-2-2024-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ബി) <u>സമിതി പരിഗണിച്ച എസ്.ആർ.ഒ. കൾ</u>

| ക്രമ നം. | എസ്.ആർ.ഒ. കളുടെ വിശദാംശം | സമിതി സാധൂകരണം നൽകിയ തീയതി |
|---|---|---|
| (1) | (2) | (3) |
| 1. | The Kerala Goods and Services Tax(Amendment) Rules, 2023<br>എസ്.ആർ.ഒ. നമ്പർ 137/2023 | |
| 2. | The Kerala Goods and Services Tax(Second Amendment) Rules, 2023<br>എസ്.ആർ.ഒ. നമ്പർ 138/2023<br>(ഫയൽ നം. 3418/സബ്.സി.ഇ 2/2023/നി.സെ.)<br>(റഫറൻസ് നം. ബി1/2/2023/റ്റി.ഡി. തീയതി, 25-2-23) | 17-5-2023 |
| 3. | The Kerala Goods and Services Tax (Third Amendment) Rules, 2022<br>എസ്.ആർ.ഒ. നമ്പർ 1000/2022<br>(ഫയൽ നം. 19324/സബ്.സി.ഇ 2/2022/നി.സെ.)<br>(റഫറൻസ് നം. ബി1/154/2022//റ്റി.ഡി തീയതി, 1-11-2022) | 17-5-2023 |
| 4. | The Kerala Goods and Services Tax(Second Amendment) Rules, 2022<br>എസ്.ആർ.ഒ. നമ്പർ 871/2022<br>(ഫയൽ നം. 17650/സബ്.സി.ഇ 2/2022/നി.സെ.)<br>(റഫറൻസ് നം. ബി1/104/2022//റ്റി.ഡി. തീയതി, 1-10-2022 | 17-5-2023 |

| (1) | (2) | (3) |
|---|---|---|
| 5. | The Kerala Goods and Services Tax (Third Amendment) Rules, 2023<br>എസ്.ആർ.ഒ. നമ്പർ 551/2023<br>(ഫയൽ നം. 8679/സബ്.സി.ഇ 2/2023/നി.സെ.)<br>(റഫറൻസ് നം. ബി1/97/2023//റ്റി.ഡി. തീയതി, 22-5-2023) | 26-7-2023 |
| 6. | The Kerala Foreign Liquor (Approval of Label) Amendment Rule, 2021<br>എസ്. ആർ.ഒ. നം. 870/2021<br>(ഫയൽ നം. 21616/സബ്.സി.ഇ 2/2021/നി.സെ.)<br>(റഫറൻസ് നം. ജി1/132/2020/നി.വ. തീയതി, 20-2-2023) | 17-5-2023 |
| 7. | The Kerala Distillery And Warehouse (Amendment) Rules, 2020<br>എസ്.ആർ.ഒ. നം. 283/2020.<br>(ഫയൽ നം. 13729/സബ്.സി.ഇ 2/2021/നി.സെ.)<br>(റഫറൻസ് നം. ജി1/28/2020/നി.വ. തീയതി, 18-4-2023) | 17-5-2023 |
| 8. | The Kerala General Sales Tax( Second Amendment) Rules , 2022<br>എസ്.ആർ.ഒ. നം. 779/2022.<br>(ഫയൽ നം. 2557/സബ്.സി.ഇ 2/2023/നി.സെ.)<br>(റഫറൻസ് നം. ബി3/51/2021/റ്റി.ഡി. തീയതി, 2-3-2023) | 17-5-2023 |

| (1) | (2) | (3) |
|---|---|---|
| 9. | The Kerala Flood Cess (Second Amendment) Rules, 2022<br>(2019-ലെ കേരള ധനകാര്യ നിയമ പ്രകാരം )<br>പുറപ്പെടുവിച്ച എസ്.ആർ.ഒ. നം. 1034/2022<br>(ഫയൽ നം. 21026/സബ്.സി.ഇ 2/2022/നി.സെ.)<br>(റഫറൻസ് നം. ബി1/153/2022/റ്റി. ഡി. തീയതി, 23-11-2022) | 17-5-2023 |

അദ്ധ്യായം IV

**നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ പ്രത്യേക വിഷയങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല.

അദ്ധ്യായം V

നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ.

| ക്രമ നമ്പർ | റിപ്പോർട്ട് | ധനാഭ്യർത്ഥന നമ്പർ | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം) | XVI—പെൻഷനും പലവകയും | കായിക യുവജനകാര്യ വകുപ്പ് | 9-8-2023 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം) | VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | നികുതി വകുപ്പ് (രജിസ്ട്രേഷൻ) | 30-1-2024 |
| 3 | 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് | XVI—പെൻഷനും പലവകയും | സൈനിക ക്ഷേമ വകുപ്പ് | 9-8-2023 |
| 4 | " | XLV—പലവക വായ്പകളും മുൻകൂറുകളും | പൊതുഭരണ (എ.ഐ.എസ്.സി) വകുപ്പ് | 9-8-2023 |
| 5 | " | XVI—പെൻഷനും പലവകയും | പൊതുഭരണ (രഹസ്യ) വകുപ്പ് | 9-8-2023 |
| 6 | " | XVI—പെൻഷനും പലവകയും | കേരള സംസ്ഥാന വഖഫ് ബോർഡ് | 9-8-2023 |
| 7 | " | XVI—പെൻഷനും പലവകയും | ന്യൂനപക്ഷ ക്ഷേമ വകുപ്പ് (കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി) | 9-8-2023 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് | VII—മുദ്രപത്രങ്ങളും രജിസ്ട്രേഷനും | നികുതി വകുപ്പ് (രജിസ്ട്രേഷൻ) | 9-8-2023 |
| 9 | " | XVI—പെൻഷനും പലവകയും | നികുതി വകുപ്പ് (കേരള സംസ്ഥാന ഭാഗ്യക്കുറി) | 9-8-2023 |
| 10 | 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം) | V—ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | ചരക്ക് സേവന നികുതി വകുപ്പ് | 30-1-2024 |
| 11 | " | VIII—എക്സൈസ് | നികുതി വകുപ്പ് (എക്സൈസ്) | 30-1-2024 |
| 12 | " | XVI—പെൻഷനും പലവകയും | കായിക യുവജനകാര്യ വകുപ്പ് | 30-1-2024 |
| 13 | " | XI—ജില്ലാഭരണവും പലവകയും<br>XVI—പെൻഷനും പലവകയും | റവന്യൂ വകുപ്പ് | 30-1-2024 |

## അദ്ധ്യായം VI

എ) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള (2023-24) ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(ഫയൽ നം. 5494/സബ്.സി.ഇ 2/2023/നി.സെ.)

<table>
<tr><th>റിപ്പോർട്ട്</th><th>ആകെ ശിപാർശകൾ</th><th>നടപടി പത്രിക ലഭിച്ച ഖണ്ഡികകളും ലഭ്യമാക്കിയ വകുപ്പുകളും</th><th>നടപടിപത്രിക ലഭ്യമാക്കാത്ത ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പുകളും</th></tr>
<tr><td rowspan="5">ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2023-24)</td><td rowspan="5">67</td><td>ഖണ്ഡിക നമ്പർ 38-44, 54, 62-67<br>(ധനകാര്യം)</td><td rowspan="5">ഖണ്ഡികനമ്പർ 1-6<br>(നികുതി)<br><br>ഖണ്ഡിക നമ്പർ 45<br>(പൊതുഭരണം)<br><br>ഖണ്ഡിക നമ്പർ 59-61<br>(ആസൂത്രണ സാമ്പത്തികകാര്യം)</td></tr>
<tr><td>ഖണ്ഡിക നമ്പർ 55, 4<br>(ന്യൂനപക്ഷ ക്ഷേമം)</td></tr>
<tr><td>ഖണ്ഡിക നമ്പർ 56<br>(റവന്യൂ)</td></tr>
<tr><td>ഖണ്ഡിക നമ്പർ 46-52, 7-37<br>(നികുതി)</td></tr>
<tr><td>ഖണ്ഡിക നമ്പർ 53, 57, 58<br>(സൈനികക്ഷേമം)</td></tr>
</table>

ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശവും

1) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)

(ഫയൽ നം. 3721/സബ്.സി.ഇ 2/2019/നി.സെ.)

ശിപാർശ (ഖണ്ഡിക നമ്പർ 59)

കേരളത്തിൽ പ്രോപ്പർട്ടി ടാക്സ് നിരക്കിൽ ഓരോ അഞ്ചുവർഷവും 25 ശതമാനം വർദ്ധനയുണ്ടാകുന്നുണ്ടെന്നും പ്രസ്തുത നിരക്ക് ഒരുമിച്ച് വർദ്ധിപ്പിക്കുന്നതിന് പകരം പ്രതിവർഷം നിശ്ചിത ശതമാനം വർദ്ധിപ്പിക്കുന്ന രീതി ഉചിതമായിരിക്കും എന്നും സമിതി വിലയിരുത്തുന്നു. ആയതിലേക്കായി മറ്റ് സംസ്ഥാനങ്ങളിലെ നിലവിലെ പ്രോപ്പർട്ടി ടാക്സ് നിരക്ക്, നിരക്ക് വർദ്ധിപ്പിക്കുന്ന കാലയളവ്, ഓരോ തവണയിലുമുള്ള നിരക്ക് വർദ്ധന എന്നിവ സംബന്ധിച്ച് ഒരു താരതമ്യപഠനം നടത്തണമെന്നും പ്രോപ്പർട്ടി ടാക്സ് പ്രതിവർഷം ഒരു നിശ്ചിതശതമാനം വീതം വർദ്ധിപ്പിക്കുന്ന രീതി നടപ്പിലാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 1-4-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് 22-3-2023-ലെ സ.ഉ. (കൈ)നം.77/2023/തസ്വഭവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ മാർഗ്ഗനിർദ്ദേശം (1) ചുവടെ ചേർക്കുന്നു.

" 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തു നികുതിയോടൊപ്പം, 2023-2024 മുതൽ ഓരോ വർഷവും, 2022-23 വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്."

16-2-2023-ന് തസ്വഭവ. പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് നടത്തിയ യോഗത്തിലെ തീരുമാനം നം.2 പ്രകാരം കേരളത്തിനു പുറത്തുള്ള താരതമ്യപ്പെടുത്താവുന്ന സിറ്റികളിലെ വസ്തു നികുതി പഠനം നടത്തുന്നതിനായി കോയമ്പത്തൂർ, മധുര, തിരുനെൽവേലി, മൈസൂർ, മംഗലാപുരം എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പഠനതാൽപര്യാർത്ഥം ബാംഗ്ലൂർ, ഹൈദരാബാദ്, ചെന്നൈ, ഗുജറാത്ത്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, തെലുങ്കാന, വെസ്റ്റ് ബംഗാൾ, ഡൽഹി തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളെയും തിരഞ്ഞെടുക്കാവുന്നതാണെന്ന വലിയ നഗരങ്ങളുടെ സെക്കൻഡറി ഡേറ്റ ഇതിനായി കണക്കാക്കാവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്. മാത്രവുമല്ല, മറ്റ് സംസ്ഥാനങ്ങളിൽ സർക്കാർ ആണോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണോ വസ്തു നികുതി നിരക്ക് നിശ്ചയിക്കുന്നതെന്നുകൂടി ഉൾപ്പെടുത്തി പഠനം നടത്തുന്നതിന് Kerala Institute of Local Administration (KILA)-യെ ചുമതലപ്പെടുത്താനും തീരുമാനമായിട്ടുണ്ട്.

ഉപയോഗ ക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 പ്രാബല്യത്തിൽ നിർണ്ണയിച്ചുകൊണ്ടും പ്രസ്തുത തീയതി മുതൽ 5 വർഷ കാലയളവ് പൂർത്തിയാകുന്നതുവരെ തുടർന്നുള്ള ഓരോ വർഷവും ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ 5% വീതം വർദ്ധനവ് വരുത്തിയും പുറപ്പെടുവിച്ച 5-4-2023 തീയതിയിലെ സ.ഉ.(അ)നം.26/2023/തസ്വഭവ. (പഞ്ചായത്ത്), 5-4-2023 തീയതിയിലെ സ.ഉ.(അ) നം.26/2023/തസ്വഭവ. (മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും) ഉത്തരവുകൾ പ്രകാരമുള്ള വിജ്ഞാപനം യഥാക്രമം എസ്.ആർ.ഒ.നം.479/2023, എസ്.ആർ.ഒ. നം.480/2023 എന്നിവ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിവരങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

[തദ്ദേശ സ്വയംഭരണ വകുപ്പ് കത്ത് നമ്പർ തസ്വഭവ. ആർ.സി2/163/2023-തസ്വഭവ. തീയതി 30-5-2023, പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 26-7-2023-ലെ സമിതി യോഗം അംഗീകരിച്ചു.]

**2) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)**

(ഫയൽ നം. 1810/സബ്.സി.ഇ 2/2020/നി.സെ.)

<u>ശിപാർശ (ഖണ്ഡിക നമ്പർ 1)</u>

2043-00-101-97-02-5—<u>ചരക്ക് സേവന നികുതി കാര്യാലയങ്ങൾ-വേതനം-ദിവസവേതനം</u>

നടപ്പുസാമ്പത്തിക വർഷം ഈ ഇനത്തിൽ 12-2-2020 വരെ 3.1791 കോടി രൂപ ചെലവായതിനാൽ 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ അധികമായി 1.0804 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിലെ ആകെ ചെലവ് 302.99 ലക്ഷം രൂപയാണ്. അധികമായി ചെലവഴിച്ച 61.03 ലക്ഷം രൂപ G.O (Rt.) No.3877/2021/Fin dated 3-5-2021 പ്രകാരം ക്രമീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 2)</u>

2043-00-101-97-06—<u>ചരക്ക് സേവന നികുതി കാര്യാലയങ്ങൾ- വാടക, കരം, നികുതി</u>

നടപ്പുസാമ്പത്തിക വർഷം 13-2-2020 വരെ മേൽ ശീർഷകത്തിൽ 12.067325 ലക്ഷം രൂപ ചെലവായതിനാലും ഏതാനും കാര്യാലയങ്ങളുടെ കെട്ടിട നികുതി മുൻകാല പ്രാബല്യത്തോടെ വർദ്ധിക്കുകയും കുടിശ്ശികയായി വൻതുക നൽകേണ്ടതുമായിട്ടുള്ളതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ടി ശീർഷകത്തിൽ 60.3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച 139.70 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ച് കഴിഞ്ഞതിനാൽ G.O. (Rt.)No.7364/2020 തീയതി, 19-12-2020 പ്രകാരം 50 ലക്ഷം രൂപ Additional Authorization വഴി ലഭിക്കുകയുണ്ടായി. പ്രസ്തുത ശീർഷകത്തിലെ ആകെ ചെലവ് 185.26 ലക്ഷം രൂപയാണ്. ബജറ്റ് വിഹിതത്തേക്കാൾ അധികമായി ചെലവഴിച്ച തുകയായ 45.56 ലക്ഷം രൂപ G.O.(Rt.)No. 3877/2021/Fin. dated 3-5-2021 പ്രകാരം ക്രമീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 3)</u>

2043-00-101-97-17—<u>ചരക്ക് സേവന നികുതി കാര്യാലയങ്ങൾ-ചെറുകിടമരാമത്ത് പണികൾ</u>

ചരക്ക സേവന നികുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പല കെട്ടിടങ്ങളിലും അധിക ക്രമീകരണങ്ങൾ ആവശ്യമായിട്ടുള്ളതിനാൽ ഈ ഇനത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ല. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 82 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിലെ ആകെ ചെലവ് 16.15 ലക്ഷം രൂപയാണ്. ബാക്കി തുകയായ 1.85 ലക്ഷം രൂപ G.O. (Rt.)No. 3930/2021/Fin. dated 6-5-2021 പ്രകാരം ക്രമീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. COVID സാഹചര്യങ്ങൾ നിലനിന്നതിനാൽ വിഷയനിർണയ സമിതി ശിപാർശ ചെയ്ത മരാമത്ത് ഫണ്ട് ഉപയോഗിക്കാൻ സാധിച്ചില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 4)</u>

2043-00-101-97-18—<u>ചരക്ക് സേവന നികുതി കാര്യാലയങ്ങൾ- സംരക്ഷണം</u>

ചരക്കുസേവന നികുതി വകുപ്പിന് സ്വന്തമായിട്ടുള്ള മിക്ക ഓഫീസ് കെട്ടിടങ്ങൾക്കും അടിയന്തര സംരക്ഷണ പണികൾ ആവശ്യമായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 3.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിലെ ആകെ ചെലവ് 0.25 ലക്ഷം രൂപയാണ്. ബാക്കി തുകയായ 4.74 ലക്ഷം രൂപ G.O.(Rt.)No. 3930/2021/Fin. dated 6-5-2021 പ്രകാരം ക്രമീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. COVID സാഹചര്യങ്ങൾ നിലനിന്നതിനാൽ വിഷയനിർണയ സമിതി ശിപാർശ ചെയ്ത മരാമത്ത് ഫണ്ട് ഉപയോഗിക്കാൻ സാധിച്ചില്ല.

[1 മുതൽ 4 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകകളിന്മേൽ നികുതി (ഡി) വകുപ്പ് കത്ത് നമ്പർ ഡി3/295/2020/നികുതി തീയതി 29-10-2022 പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 17-5-2023-ലെ സമിതി യോഗം അംഗീകരിച്ചു. ആയതിന്മേലുള്ള കാലതാമസ പത്രിക 6-12-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

### 3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)

(ഫയൽ നം. 12979/സബ്.സി.ഇ 2/2021/നി.സെ.)

ശിപാർശ (ഖണ്ഡിക നമ്പർ 11)

2030-02-102-99 —മുദ്രപ്പത്ര വിൽപ്പനചെലവുകൾ

നോൺ ജ്യുഡീഷ്യൽ മുദ്രപ്പത്ര വില്പനയ്ക്ക് അനുസരിച്ച് സ്റ്റാമ്പ് വെണ്ടർമാർക്ക് ഡിസ്കൗണ്ട് നൽകുന്നതിനാൽ മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 2.29 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

16-2-2022 തീയതിയിലെ സ.ഉ.(സാധാ) നം.1078/2022/ധന. പ്രകാരം ഉപധനാഭ്യർത്ഥന വഴി 3 കോടി രൂപ അനുവദിച്ചിരുന്നു. തന്മൂലം മൊത്തം ഗ്രാന്റ് 34 കോടി രൂപയാണ്. എന്നാൽ ടി സാമ്പത്തിക വർഷത്തിലെ ചെലവ് 39,51,43,887 രൂപയാണ്. 2022-23 സാമ്പത്തിക വർഷം ഭൂമിയുടെ ന്യായവില 10% വർദ്ധിപ്പിക്കാനുള്ള ബജറ്റ് തീരുമാനം ഉണ്ടായതിനെ തുടർന്ന് 2021-22 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ നോൺ ജ്യുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പനയിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായതും ആയത് മുൻകൂട്ടി കാണാൻ കഴിയാതിരുന്ന സാഹചര്യത്തിലുമാണ് അധിക ചെലവ് ഉണ്ടായിട്ടുള്ളത്.

ശിപാർശ (ഖണ്ഡിക നമ്പർ-12)

2030-03-001-95-06 —സബ് രജിസ്ട്രി ഓഫീസുകൾ- വാടക, കരം, നികുതി

സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടക ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ, ടി ശീർഷകത്തിൽ അധികമായി 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടക ഇനത്തിൽ അധികമായി G.O.(Rt.) 843/2022/Fin. Dated 8-2-2022 പ്രകാരം 70 ലക്ഷം രൂപ അനുവദിച്ച് ചെലവഴിച്ച എന്ന് ബഹുമാനപ്പെട്ട സമിതിയെ അറിയിക്കുന്നു.

<u>ശിപാർശ (ഖണ്ഡിക നമ്പർ 13)</u>

2030-03-001-94-05-4—<u>കമ്പ്യൂട്ടർവൽകൃത റിപ്പോർട്ടിംഗ് സിസ്റ്റം ഏർപ്പെടുത്തൽ ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ കോൺസ്യൂമബിൾസ്, യു.പി.എസ്. ബാറ്ററികൾ എന്നിവ യഥാസമയം ലഭ്യമാക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ, ടി ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

യു.പി.എസ്. ബാറ്ററികൾ വിതരണം ചെയ്യുന്ന ഏജൻസി കരാറിൽ നിന്നും പിൻവാങ്ങിയതിനാലും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപണികൾക്കായുള്ള പുതിയ വെണ്ടറെ തെരഞ്ഞെടുക്കുന്നതിൽ വന്ന കാലദൈർഘ്യവും കാരണം അധിക തുക ആവശ്യമായി വന്നില്ല എന്ന് ബഹുമാനപ്പെട്ട സമിതിയെ അറിയിക്കുന്നു.

(11 മുതൽ 12 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകകളിന്മേൽ നികുതി (ജെ) വകുപ്പ് കത്ത് നമ്പർ ജെ3/211/2022/നി.വ. തീയതി 27-10-2022 പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 17-5-2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ആയതിന്മേലുള്ള കാലതാമസ പത്രിക 6-12-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.)

<u>ശിപാർശ (ഖണ്ഡിക നമ്പർ. 57)</u>

സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലഹരി മരുന്നുപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യം നിലനിൽക്കുകയാണ്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെകുറിച്ചുള്ള ശരിയായ അറിവ് നമ്മുടെ കുട്ടികൾക്ക് പകർന്ന് നൽകി ഈ മഹാവിപത്തിൽ നിന്നും കുട്ടികൾ സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ വളർത്തിയെടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ലഹരി മരുന്നുപയോഗത്തിനെതിരെ കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ലഹരിമരുന്നുപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്ന പാഠഭാഗങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ആഴ്ചയിൽ ഒരു പീരീഡെങ്കിലും പ്രസ്തുത പാഠഭാഗങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുന്ന വിധം ടൈംടേബിൾ പുനഃക്രമീകരിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ലഹരി മരുന്ന് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്കരണം നൽകുന്ന പാഠഭാഗങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ആഴ്ചയിൽ ഒരു പീരീഡ് എങ്കിലും പ്രസ്തുത പാഠഭാഗങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുന്നവിധം ടൈംടേബിൾ പുനഃക്രമീകരിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 58)

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപമുള്ള  കടകൾ വഴിയും വഴിയോര കച്ചവടക്കാർ മുഖേനയും വിദ്യാർത്ഥികൾക്ക് ലഹരിവസ്തുക്കൾ ലഭിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മേൽ സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്ന കടകളോ, വഴിയോര കച്ചവടക്കാരോ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് പോലീസ്- എക്സൈസ് വകുപ്പുകളുടെ സംയുക്ത മേൽനോട്ടത്തിൽ ഓരോ വിദ്യാഭ്യാസ സ്ഥാപനവും പി.ടി.എ., മദർ പി.ടി.എ. അംഗങ്ങൾ, അദ്ധ്യാപകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുതല ജനപ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ എന്നിവരെ കൂടി ഉൾപ്പെടുത്തി ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപമുള്ള ലഹരി വിൽപ്പന തടയുന്നതിനായി ശക്തവും കാര്യക്ഷമവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ്  എക്സൈസ് വകുപ്പ് നടപ്പാക്കി വരുന്നത്. ഇതിന്റെ ഭാഗമായി വിദ്യാലയപരിസരങ്ങളിലെ കടകളിലും മറ്റ് വ്യാപാര കേന്ദ്രങ്ങളിലും വഴിയോര കച്ചവട സ്ഥലങ്ങളിലും രഹസ്യ നിരീക്ഷണങ്ങളും പരിശോധനകളും നടത്തി ലഹരി മരുന്നു വില്പനയും അവയുടെ സൂക്ഷിപ്പും തടയുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എക്സൈസ് ഉദ്യോഗസ്ഥരെ പ്രത്യേകമായി ചുമതലപ്പെടുത്തി, അധ്യാപകർ, വിദ്യാർത്ഥികൾ, പി.റ്റി.എ. അംഗങ്ങൾ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവരുമായി ചേർന്ന് വിവരങ്ങൾ ശേഖരിച്ച് അടിയന്തര നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

ശിപാർശ (ഖണ്ഡിക നമ്പർ. 59)

കേരളത്തിൽ വ്യാപകമായി കഞ്ചാവ് കൃഷിയും വ്യാജവാറ്റും നടക്കുന്നതായും ലഹരിമരുന്ന് കച്ചവടം വളരെയധികം വർദ്ധിച്ചുവരുന്നതായും റിപ്പോർട്ടുകൾ ചൂണ്ടികാട്ടുന്നു. പ്രസ്തുത സാഹചര്യത്തിൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം  ശക്തിപ്പെടുത്തുന്നതി

നോടൊപ്പം ഓരോ പ്രദേശത്തെയും കുടുംബശ്രീ-ജാഗ്രതാ സമിതി മറ്റ് അയൽക്കൂട്ട സംവിധാനങ്ങൾ മുഖേന വ്യാജവാറ്റ്, കഞ്ചാവ് കൃഷി, മയക്കുമരുന്ന് കച്ചവടം എന്നിവ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായുള്ള പദ്ധതി രൂപകൽപ്പന ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എല്ലാ പഞ്ചായത്തുകളിലും എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ കൺവീനറായും, വാർഡ് മെമ്പർ അധ്യക്ഷനായും, കുടുംബശ്രീ, അയൽക്കൂട്ടങ്ങളുടെ പ്രസിഡന്റ്, സെക്രട്ടറി, കുടുംബശ്രീ എ.ഡി.എസ്. അംഗങ്ങൾ, ആശാവർക്കർമാർ, അംഗൻവാടി ടീച്ചർ, സന്നദ്ധ സംഘടനകളുടേയും യുവജന സംഘടനകളുടേയും പ്രതിനിധികൾ, ആർട്സ് &സ്പോർട്സ് ക്ലബ്ബ് ഭാരവാഹികൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, മറ്റ് പ്രധാന വ്യക്തികൾ, സി.ഡി.എസ്. ചെയർപേഴ്സൻ, ഒരു വനിതാ സിവിൽ എക്സൈസ് ഓഫീസർ, ഒരു വനിതാ പോലീസ് ഓഫീസർ എന്നിവർ അംഗങ്ങളായ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതാണ്.

ടി സമിതിയിൽ ലഭിച്ചുവരുന്ന പരാതികളിലും രഹസ്യവിവരങ്ങളിലും അന്വേഷണങ്ങളും, പരിശോധനകളും നടത്തിവരുന്നു. ടി സമിതികളുടെ യോഗങ്ങളിൽ അതത് പ്രദേശത്തെ മദ്യ മയക്കുമരുന്ന് നിർമ്മാണം, വിപണനം, വിതരണം, കഞ്ചാവ്കൃഷി തുടങ്ങിയവ സംബന്ധിച്ച പരാതികൾ ചർച്ചചെയ്ത് മിനിറ്റ്സായി രേഖപ്പെടുത്തി അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ റിപ്പോർട്ട് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വ്യാജ മദ്യ-മയക്കുമരുന്ന് നിയന്ത്രണ സമിതികൾക്ക് നൽകിവരുന്നു. തുടർന്നും എല്ലാ മാസവും ടി യോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അതാത് റെയ്ഞ്ച് പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവരുടെ പ്രതിവാര മീറ്റിംഗിൽ പങ്കെടുത്ത് രഹസ്യവിവരം നൽകുന്നതിനായി റെയ്ഞ്ച് ഇൻസ്പെക്ടർമാരുടേയും, യൂണിറ്റ് പ്രിവന്റീവ് ഓഫീസർമാരുടേയും ഔദ്യോഗിക ഫോൺനമ്പരുകൾ കൈമാറുന്നുണ്ട്. ജാഗ്രതാ സമിതി തലത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് എല്ലാ മൂന്നുമാസം കൂടുമ്പോഴും സർക്കിൾ ഇൻസ്പെക്ടർമാർ തങ്ങളുടെ പരിധിയിലെ ഗ്രൂപ്പുകളുടെ മീറ്റിംഗ് ചേർന്ന് നടപടികൾ റിവ്യൂ ചെയ്ത് വരുന്നു. ഇപ്രകാരം വ്യാജവാറ്റ്, മയക്കുമരുന്ന് കച്ചവടം, കഞ്ചാവ് കൃഷി തുടങ്ങിയവയുമായി ബന്ധപ്പെട്ട രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതിനും, ആയവ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുള്ളതാണ്.

(57, 58, 59 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ജി) വകുപ്പ് കത്ത് നമ്പർ.146/ജി2/2021/നി.വ. തീയതി 10-10-2022 പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 17-5-2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ആയതിന്മേലുള്ള കാലതാമസ പത്രിക 6-12-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.)

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടിപത്രികകൾ ഒന്നുംതന്നെ പരിഗണിച്ചിട്ടില്ല.

തിരുവനന്തപുരം,
2024 ജൂലൈ 2.

**കെ. എൻ. ബാലഗോപാൽ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

## അനുബന്ധം

## 1. 17-5-2023-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2023 മേയ് 17-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി ' സമ്മേളനഹാളിൽ സമിതി ചെയർമാനും ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. കെ. ടി. ജലീൽ
2. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
3. ശ്രീ. ഇ. കെ. വിജയൻ
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ഓൺലൈൻ)
5. ശ്രീ. കെ. വി. സുമേഷ് (ഓൺലൈൻ)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ലിമ ഫ്രാൻസിസ്, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്.എൽ. ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത് കുമാർ വി.ഒ. അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി & എക്സൈസ് വകുപ്പ്.
2. ശ്രീ. എസ്. ആനന്ദകൃഷ്ണൻ, കമ്മീഷണർ, എക്സൈസ് വകുപ്പ്.
3. ഡോ. എസ്. കാർത്തികേയൻ, കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.
4. ശ്രീമതി കൃഷ്ണപ്രിയ ഡി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീ. സുരേഷ് കുമാർ എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
6. ശ്രീമതി സിനി ജെ. ഷുക്കൂർ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്.
7. ശ്രീമതി സോഫിയ കെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
8. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്

9. ശ്രീ. എബ്രഹാം റെൻ എസ്, ഡയറക്ടർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്.

10. ശ്രീ. രാജീവ് ഡി., അഡീഷണൽ എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്.

11. ശ്രീ. സാജൻ വി., ഡയറക്ടർ, ട്രഷറി വകുപ്പ്.

12. ഡോ. ബിവിഷ് യു.സി., ഡയറക്ടർ ജനറൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്.

13. ശ്രീ. ബി. ജയകുമാർ, രജിസ്ട്രാർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

14. ശ്രീമതി ബീന കെ.ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമവകുപ്പ്

15. ശ്രീമതി സിന്ധു എൽ., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.

16. ശ്രീ. ശ്രീരാജ് കെ. പിള്ളൈ, ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.

17. ശ്രീ. ഷാഹുൽ ഹമീദ് കെ., ഡെപ്യൂട്ടി കമ്മീഷണർ (ഐ.റ്റി. മാനേജ്മെന്റ് ഡിവിഷൻ), കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.

18. ശ്രീ. ബി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്.

19. ശ്രീ. പി.കെ. സാജൻ കുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പ്.

20. ശ്രീമതി ശോഭ റ്റി.സി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.

21. ശ്രീ. സനൽ എം.ആർ., അസിസ്റ്റന്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.

22. ശ്രീ. എൽദോ കെ.സി., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.

23. ശ്രീ. ഷാജി ആർ. കെ., ഫിനാൻസ് ഓഫീസർ, ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പ്.

പ്രസ്തുത യോഗത്തിൽ ചട്ടങ്ങളുടെ സാധൂകരണം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികകളുടെ പരിഗണന, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള

ഫയൽ, ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I. ചട്ടങ്ങളുടെ സാധൂകരണം

ചുവടെ ചേർത്തിരിക്കുന്ന എസ്.ആർ.ഒ.-കൾ സമിതിയുടെ മുൻകൂട്ടിയുള്ള സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാതെ പുറപ്പെടുവിച്ചതു സംബന്ധിച്ച വിശദീകരണ ക്കുറിപ്പ് സമിതി അംഗീകരിക്കുകയും എസ്.ആർ.ഒ.-കൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

### A. അബ്കാരി നിയമം

1. 2018-ലെ വിദേശ മദ്യചട്ടങ്ങളിൽ (ലേബൽ അപ്രൂവൽ)ഭേദഗതി വരുത്തി പുറപ്പെടുവിച്ച The Kerala Foreign Liquor (Approval of Label) Amendment Rules, 2021 എസ്.ആർ.ഒ. നം. 870/2021

(ഫയൽ നം. 21616/സബ്.സി.ഇ 2/2021/നി.സെ. )

(റഫറൻസ് നം. ജി1/ 132/2020/നി.വ.തീയതി 20-2-2023)

2. 2020-21-ലെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ കേരള ഡിസ്റ്റിലറി & വെയർ ഹൗസ് റൂളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച The Kerala Distillery and Warehouse (Amendment) Rules, 2020 എസ്.ആർ.ഒ. നം.283/2020.

(ഫയൽ നം. 13729/സബ്.സി.ഇ 2/2021/നി.സെ. )

(റഫറൻസ് നം. ജി1/ 28/2020/നി.വ. തീയതി 18-4-2023)

### B. 2017-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി നിയമം

(a) The Kerala Goods and Services Tax (Amendment) Rules, 2023

എസ്.ആർ.ഒ. നം. 137/2023, 138/2023

(ഫയൽ നം. 3418/സബ്.സി.ഇ 2/2023/നി.സെ.,

(റഫറൻസ് നം. ബി1/2/2023/റ്റി.ഡി. തീയതി 25-2-2023)

(b) The Kerala Goods and Servies Tax (Second Amendment) Rules, 2022

എസ്.ആർ.ഒ. നം. 871/2022

(ഫയൽ നം. 17650/സബ്.സി.ഇ 2/2022/നി.സെ.,

(റഫറൻസ് നം. ബി1/104/2022/റ്റി.ഡി. തീയതി 1-10-2022)

(c) The Kerala Goods and Servies Tax (Third Amendment) Rules, 2022 എസ്.ആർ.ഒ. നം. 1000/2022

(ഫയൽ നം. 19324/സബ്.സി.ഇ 2/2022/നി.സെ.)

(റഫറൻസ് നം. ബി1/154/2022/റ്റി.ഡി. തീയതി 1-11-2022)

C. 1963 -ലെ കേരള പൊതുവില്പന നികുതി നിയമം

The Kerala General Sales Tax (Second Amendment) Rules, 2022, എസ്.ആർ.ഒ. നം. 779/2022

(ഫയൽ നം.2357 സബ്.സി.ഇ 2/2023/നി.സെ.)

(റഫറൻസ് നം.ബി3/51/2021/റ്റി.ഡി. തീയതി 2-3-2023)

D. 2019 - ലെ കേരള ധനകാര്യ നിയമം

The Kerala Flood Cess (Second Amendment) Rules, 2022 എസ്.ആർ.ഒ. നം. 1034/2022

(ഫയൽ നം.21026/സബ്.സി.ഇ 2/2022/നി.സെ.)

(റഫറൻസ് നം.ബി1/153/2022/ റ്റി.ഡി.തീയതി 23-11-2022)

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകളുടെ പരിഗണന.

a) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)

(ഫയൽനം.1810/സബ്.സി.ഇ 2/2020/നി.സെ.)

[റഫറൻസ് നം. ഡി3/295/2020-നികുതി, തീയതി 29-10-2022]

റിപ്പോർട്ടിലെ 1 മുതൽ 4 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ഡി) വകുപ്പ് കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)

(ഫയൽ നം. 12979/സബ്.സി.ഇ 2/2022/നി.സെ.)

[റഫറൻസ് നം. ജെ3/211/2022/നി.വ. തീയതി 27-10-2022;

146/ജി2/2021/നി.വ., തീയതി 10-10-2022]

റിപ്പോർട്ടിലെ 11 മുതൽ 13 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ജെ) വകുപ്പ് കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി അംഗീകരിച്ചു. കൂടാതെ പ്രസ്തുത റിപ്പോർട്ടിലെ 57, 58, 59 എന്നീ ഖണ്ഡികകളിലെ പൊതുശിപാർശകളിന്മേൽ നികുതി (ജി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകളും സമിതി അംഗീകരിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നത് തടയുന്നതിന് വേണ്ടി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും ലഹരി മരുന്നുപയോഗത്തിനെതിരെ കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി പാഠഭാഗങ്ങൾ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി ഡിസൈൻ ചെയ്തിട്ടുണ്ടെന്നും ആയത് SCERT-യുടെ ഫോക്കസ് ഗ്രൂപ്പ് മീറ്റിംഗിൽ അപ്രൂവ് ചെയ്തതിന് ശേഷമേ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയുള്ളൂവെന്നും എക്സൈസ് കമ്മീഷണർ സമിതിയിൽ വ്യക്തമാക്കി.

c) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)

(ഫയൽ നം. 12945/സബ്.സി.ഇ 2/2022/നി.സെ.)

[റഫറൻസ് നം.2196480/എച്ച്.ബി.എ 1/198/2022 ധന. തീയതി 16-9-2022;

എസ്റ്റാ-ഡി.4/98/2022-ധന(2195407) തീയതി 18-11-2022;

155/ജി2/2022-നി.വ. തീയതി 27-10-2022;

പിഎഡി-ബി2/42/2022/പിഎഡി, തീയതി 13-10-2022]

റിപ്പോർട്ടിലെ 37, 52 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (എച്ച്.ബി.എ.) വകുപ്പും 38, 61 മുതൽ 67 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ(എസ്റ്റാ-ഡി) വകുപ്പും 68-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ നികുതി(ജി) വകുപ്പും 69-ാം ഖണ്ഡികയിലെ പൊതുശിപാർശയിന്മേൽ പാർലമെന്ററികാര്യ (ബി) വകുപ്പും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

## III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയങ്ങൾ

പഴങ്ങളിൽ നിന്നും ധാന്യങ്ങൾ ഒഴികെയുള്ള മറ്റ് കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് അനുമതി നൽകുന്നതിനുള്ള കരട് ചട്ടത്തിന്മേൽ പുറപ്പെടുവിച്ച (എസ്.ആർ.ഒ.നം.1053/22)-ലെ തിരുത്തലുകൾ സംബന്ധിച്ച്.

(The Kerala Small Scale Winery (for production of horti-wine from tropical fruits and Agricultural products of kerala) Rules, 2022.

(ഫയൽ നം.9917/സബ്.സി.ഇ 2/2022/നി.സെ.)

[റഫറൻസ് നം.G1/184/2021/Taxes തീയതി 12-12-2022]

കേരളത്തിൽ സുലഭമായി ലഭിക്കുന്ന ഫലവർഗ്ഗങ്ങളായ ചക്ക, കശുമാങ്ങ എന്നിവയിൽ നിന്നും ധാന്യങ്ങളൊഴികെയുള്ള കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് അനുമതി നൽകുന്നതിനായി Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) Rules, 2022 ഭേദഗതി ചെയ്യുന്നതിനായി തയ്യാറാക്കി 14-7-2022-ലെ യോഗത്തിൽ സമിതി അംഗീകരിച്ച കരട് ചട്ടങ്ങളിന്മേൽ നികുതി(ജി) വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ(എസ്.ആർ.ഒ.നം.1053/2022) നിരവധി തെറ്റുകൾ കടന്നുകൂടിയിട്ടുള്ളതായി സമിതി വിലയിരുത്തി. നിലവിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനായി പ്രസ്തുത എസ്.ആർ.ഒ. ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി തിരുത്തൽ വിജ്ഞാപനം അടിയന്തരമായി പുറപ്പെടുവിക്കാൻ നികുതി(ജി) വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

1. clause 2-ലെ Definitions കഴിഞ്ഞ് sub clause (1)ചേർക്കുക.

അതിനുശേഷം a, b, c ,d, e, f, g, h, i, j, k എന്നിവ കഴിഞ്ഞ് താഴെപ്പറയുന്ന sub clause (2) ചേർക്കുക.

“ (2) The words and expressions used but not defined in these rules, but defined in the Act, shall have the meaning respectively assigned to them in the Act. ”

<u>ഖണ്ഡം - 2</u>

(i) (a) യിൽ അവസാനഭാഗത്ത് ' ; ' ചിഹ്നം ചേർക്കുക.

(ii) (c) യിൽ അവസാന വരിയിൽ 'Act' നു മുൻപ് ' the ' ചേർക്കുക.

(iii) (k) യിൽ “ Young” wine എന്നത് “ young wine” എന്നാക്കുക.

<u>ഖണ്ഡം - 3</u>

(i) 2-ാം ഉപഖണ്ഡം (c) യിൽ അവസാന ഭാഗത്ത് ' ; ' ചിഹ്നം ചേർക്കുക.

(ii) 2-ാം ഉപഖണ്ഡം (d) യിൽ ' financilil ' എന്നത് ' financial' എന്നാക്കുക.

<u>ഖണ്ഡം - 5</u>

(i) 4-ാം ഉപഖണ്ഡത്തിൽ ' issud' എന്നത് ' issued' എന്നാക്കുക.

(ii) 5-ാം ഉപഖണ്ഡത്തിൽ ആദ്യവരിയിൽ 'deputy' എന്നത് ' Deputy' എന്നാക്കുക.

ഖണ്ഡം - 8

(i) 1-ാം ഉപഖണ്ഡം (i)-ൽ അവസാന ഭാഗത്ത് ':' എന്നതിന് പകരം ' ; ' ചേർക്കുക.

(ii) 2-ാം ഉപഖണ്ഡം അവസാന വരിയിൽ 'shutiers' എന്നത് 'shutters' എന്ന് മാറ്റുക.

ഖണ്ഡം - 10

(i) 1-ാം ഉപഖണ്ഡം Proviso-യിൽ ആദ്യ വരിയിൽ ' case' എന്നത് 'cases' എന്ന് മാറ്റുക.

(ii) 1-ാം ഉപഖണ്ഡം proviso (a)-യിൽ ' tol ' എന്നത് ' to ' എന്ന് മാറ്റുക.

(iii) 1-ാം ഉപഖണ്ഡം proviso (b)-യിൽ അവസാന ഭാഗത്ത് ' add ' എന്നത് ' ' and ' എന്ന് ചേർക്കുക.

(iv) 2-ാം ഉപഖണ്ഡത്തിൽ അവസാന വരിയിൽ 'ractification' എന്നത് 'ratification' എന്നാക്കുക.

ഖണ്ഡം - 11

(i) 2-ാം ഉപഖണ്ഡത്തിൽ രണ്ടാമത്തെ വരിയിൽ 'he' എന്നത് 'be' എന്നും

മൂന്നാമത്തെ വരിയിൽ ആദ്യ ഭാഗത്ത് 'tinder' എന്നത് 'under' എന്നും ചേർക്കുക.

(ii) 3-ാം ഉപഖണ്ഡത്തിൽ മൂന്നാമത്തെ വരിയിൽ 'HW-4' എന്നത് 'HW-5' എന്ന് ചേർക്കുക.

ഖണ്ഡം - 12

രണ്ടാമത്തെ വരിയിൽ ' inspector ' എന്നത് ' Inspector' എന്ന് മാറ്റുക.

ഖണ്ഡം - 14

ഉപഖണ്ഡം (1) ൽ രണ്ടാമത്തെ വരിയിൽ 'commissioner' എന്നത് 'Commissioner ' എന്ന് മാറ്റുക.

ഖണ്ഡം - 15

അവസാന ഭാഗത്ത് ' , ' എന്നതിന് പകരം ' . ' ചേർക്കുക.

ഖണ്ഡം - 17

നാലാമത്തെ വരിയിൽ 'request' ന് മുമ്പ് 'the' എന്ന് ചേർക്കുക കൂടാതെ അതേ വരിയിൽ ' inspector ' എന്നത് 'Inspector ' എന്ന് മാറ്റുക.

ഖണ്ഡം - 20

ഉപഖണ്ഡം 2-ൽ അവസാനത്തെ വരിയിൽ ' unerder ' എന്നത് 'under' എന്ന് മാറ്റുക.

ഖണ്ഡം - 23

രണ്ടാമത്തെ വരിയിൽ 'commissioner' എന്നത് 'Commissioner' എന്ന് ചേർക്കുക.

ഖണ്ഡം - 27

ആദ്യത്തെ വരിയിൽ ' rules' എന്നത് ' Rules' എന്ന് ചേർക്കുക.

ഖണ്ഡം - 29

അവസാനത്തെ വരിയിൽ 'Central Act 61 of, 1985', Central Act 47 of, 1999, Cerltral Act, 45 of, 1860 എന്നിവ യഥാക്രമം 'Central Act, 61 of 1985', Central Act, 47 of 1999, Central Act, 45 of 1860' എന്നിങ്ങനെ മാറ്റുക.

3. FORM HW-1-ൽ conditions 1-ൽ, രണ്ടാമത്തെ വരിയിൽ 'the concern' എന്നത് 'they concern' എന്ന് മാറ്റുക. കൂടാതെ conditions 11-ൽ രണ്ടാമത്തെ വരിയിൽ ' employnent ' എന്നത് 'employment' എന്നും തുടർന്ന് അഞ്ചാമത്തെ വരിയിൽ ' as' ന ശേഷം 'a' യും കൂടി ചേർക്കുക.

4. FORM HW-2-ൽ രണ്ടാമത്തെ ഖണ്ഡികയിൽ നാലാമത്തെ വരിയിൽ Kerala small scale Winery (for production of horti-wine from tropical fruits and agricultural product of Kerala) Rule, 2020 എന്നത് '(products of Kerala) Rule, 2022 ' എന്നാക്കുക.

5. FORM HW-2, 7-ാം ഖണ്ഡികയിൽ 31-ാം മത്തെ വരിയിൽ ആദ്യഭാഗത്ത് 'reimpurse' എന്നത് 'reimburse' എന്നാക്കുക. കൂടാതെ 41-ാം മത്തെ വരിയിൽ 'cxecution' എന്നത് 'Execution' എന്നാക്കുക.

6. FORM HW-2(A)-ൽ രണ്ടാമത്തെ വരിയിൽ under the Act..... and' എന്നത് 'under the .......Act..... and' എന്നാക്കുന്നു കൂടാതെ രണ്ടാമത്തെ paragraph-ൽ അവസാനത്തെ വരിയിൽ 'observed' കഴിഞ്ഞ് 'by' കൂടി ചേർക്കുക. 7-ാം മത്തെ paragraph-ൽ 9-ാം മത്തെ വരിയിൽ 'thins' എന്നത് 'things' എന്നും ചേർക്കുക.

7. FORM HW-10-ൽ 'Litres' എന്നത് എല്ലാ കോളങ്ങളിലും ഒരുപോലെ എഴുതാവുന്നതാണ്. കൂടാതെ column No.11-ൽ 'Lires' എന്നത് 'Litres' എന്ന് മാറ്റുക.

**<u>IV ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകളുടെ പരിഗണന</u>**

**(I) <u>2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക</u>**

(ഫയൽ നം. 605/സബ്.സി.ഇ 2/2021/നി.സെ.)

[റഫറൻസ് നം. ജെ.3/275/2021/നി.വ., തീയതി 19-7-2022]

[റഫറൻസ് നം.PWR-A3/73/2021/POWER തീയതി 19-7-2022]

[റഫറൻസ് നം.1684092 /പി.എ.സി.-എ 3/21/ധന. തീയതി 11-10-2022]

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച് നികുതി, ധനകാര്യം, ഊർജ്ജം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസ പത്രികകൾ സമിതി അംഗീകരിച്ചു.

**(ii) <u>2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക</u>**

(ഫയൽ നം. 739/സബ്.സി.ഇ 2/2022/നി.സെ.)

[റഫറൻസ് നം.1980781 /പി.എ.സി.-എ 3/1/2022/ധന. തീയതി 6-1-2023]

[റഫറൻസ് നം. എഫ്.2/40/2022-റവ., തീയതി 23-12-2022]

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം ലഭ്യമാകാത്തത് സംബന്ധിച്ച് ധനകാര്യം, റവന്യൂ എന്നീ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

2023 മേയ് 31-ാം തീയതി സർവ്വീസിൽ നിന്നും വിരമിക്കുന്ന നിയമസഭാ സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി ലിമ ഫ്രാൻസിസ്, എക്സൈസ് വകുപ്പ് കമ്മീഷണർ, ശ്രീ. എസ് ആനന്ദകൃഷ്ണൻ, ഐ.പി.എസ്. എന്നിവർക്ക് സമിതി എല്ലാവിധ ആശംസകളും നേർന്നു.

യോഗനടപടികൾ രാവിലെ 11.55-ന് അവസാനിച്ചു.

## 2. 26-7-2023-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2023 ജൂലൈ 26-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ ' സമ്മേളനഹാളിൽ സമിതി ചെയർമാനും ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ.എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. കെ.വി. സുമേഷ് എന്നീ അംഗങ്ങൾ ഓൺലൈനായി പങ്കെടുത്ത പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ഡി.കെ. മുരളി
2. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി & എക്സൈസ് വകുപ്പ്.
2. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.
3. ശ്രീ. മഹിപാൽ യാദവ്, എക്സൈസ് കമ്മീഷണർ.
4. ശ്രീ. രാജീവ് ഡി., അഡീഷണൽ എക്സൈസ് കമ്മീഷണർ.
5. ശ്രീ. റ്റി.ആർ ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്.
6. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
7. ശ്രീമതി പ്രീത കെ.എസ്., അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
8. ശ്രീമതി സിനി ജെ. ഷുക്കൂർ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്.
9. ശ്രീമതി വിജയശ്രീ എം.എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
10. ശ്രീ. മനോഹരൻ പി.വി., ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.

11. ശ്രീ. പ്രമോദ് എം.വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്.

12. ശ്രീമതി ഡി. സുധ, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില).

13. ശ്രീ. വിനോദ് മാത്യൂ, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്.

14. ശ്രീ മനു എസ്., ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി.

15. ശ്രീ അജിത് കുമാർ പി., അഡീഷണൽ ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി

16. ശ്രീ. ജിജു പ്രജിത് കെ.ആർ., ജോയിന്റ് ഡയറക്ടർ, ട്രഷറി വകുപ്പ്.

17. ശ്രീമതി മായ എൻ. പിള്ള, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്.

18. ശ്രീമതി മേഘശ്രീ ഡി.ആർ., ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പ്.

19. ശ്രീ. പി.കെ. സാജൻ കുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പ്.

20. ശ്രീമതി ബീന കെ.ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.

21. ശ്രീ. രഞ്ജൻ രാജ്, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

22. ശ്രീമതി സിന്ധു എൽ., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.

23. ശ്രീ. മനോജ് എസ്., ഫിനാൻസ് ഓഫീസർ, എക്സൈസ് വകുപ്പ്.

പ്രസ്തുത യോഗത്തിൽ 2017-ലെ കേരള ചരക്ക് സേവന നികുതി നിയമപ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ., ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ, കരട് റിപ്പോർട്ടുകൾ എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. ചുവടെ ചേർത്തിരിക്കുന്ന എസ്.ആർ.ഒ. സമിതിയുടെ മുൻകൂട്ടിയുള്ള സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാതെ പുറപ്പെടുവിച്ചതു സംബന്ധിച്ച വിശദീകരണക്കുറിപ്പ് സമിതി അംഗീകരിച്ചു. ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളതെന്നും അതിൽ ഫേക്ക് ട്രേഡിംഗ് തടയുന്നതിന്

നടപ്പിലാക്കുന്ന ആധാർ ബയോമെട്രിക്ക് ഓതന്റിക്കേഷൻ സംസ്ഥാനത്തും നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച ഭേദഗതികളും മറ്റുള്ള ഭേദഗതികൾ പൊതുവായിട്ടുള്ളതുമാണെന്ന് നിരീക്ഷിക്കുകയും എസ്.ആർ.ഒ.യ്ക്ക് സാധൂകരണം നൽകുകയും ചെയ്തു.

The Kerala Goods and Services Tax (Third Amendment) Rules, 2023

എസ്.ആർ.ഒ. നം. 551/2023

(ഫയൽ നം. 8679/സബ്.സി.ഇ 2/2023/നി.സെ. )

(റഫറൻസ് നം. ബി1/ 97/2023/റ്റി.ഡി.തീയതി 22-5-2023)

**II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ചുവടെ ചേർത്തിട്ടുള്ള റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

a) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)

(ഫയൽ നം. 3721/സബ്.സി.ഇ 2/2019/നി.സെ.)

<u>ഖണ്ഡിക 59</u>

(റഫറൻസ് നം.തസ്വഭവ. ആർ.സി2/ 163/2023-തസ്വഭവ. തീയതി 30-5-2023) അംഗീകരിച്ചു.

KILA-യെ ചുമതലപ്പെടുത്തിയിട്ടുള്ള വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച പഠനം എത്രയും വേഗം പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)

(ഫയൽ നം. 12945/സബ്.സി.ഇ 2/2022/നി.സെ.)

(i) ഖണ്ഡിക 2 മുതൽ 9 വരെ (നികുതി വകുപ്പ്)

[റഫറൻസ് നം. ജെ3/255/2022-നി.വ. തീയതി 4-7-2023]

(ii ) ഖണ്ഡിക 10 മുതൽ 36 വരെ, ഖണ്ഡിക 69 (നികുതി വകുപ്പ്)

[റഫറൻസ് നം. നികുതി-എഫ്3/247/2022/നി.വ. തീയതി 23-6-2023]

(iii) ഖണ്ഡിക 39,40 (ധനകാര്യ - (ഭരണം-സി) വകുപ്പ്)

[റഫറൻസ് നം. ഭരണം-സി1/42/2023-ധന (2417245) തീയതി 29-5-2023]

(iv) ഖണ്ഡിക 41 മുതൽ 51 വരെ (നികുതി വകുപ്പ്)

[റഫറൻസ് നം. TAXES-H1/270/2022-TAXES തീയതി 3-6-2023]

(v) ഖണ്ഡിക 54 (റവന്യൂ വകുപ്പ്)

[റഫറൻസ് നം.റവ-എഫ്2/299/2022-റവ. തീയതി 27-4-2023]

(vi) ഖണ്ഡിക 60 (പൊതുഭരണ വകുപ്പ്)

[റഫറൻസ് നം.എ.ഐ.എസ്-സി2/182/2022/പൊ.ഭ.വ.തീയതി 3-5-2023]

മേൽപ്പറഞ്ഞ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

(vii) ഖണ്ഡിക 55 (സൈനികക്ഷേമ വകുപ്പ്)

[റഫറൻസ് നം.SW3/93/2022/SWD തീയതി 28-4-2023]

റിപ്പോർട്ടിലെ 55-ാം ഖണ്ഡികയിലെ യുദ്ധസ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട ശിപാർശയിന്മേൽ സൈനികക്ഷേമ (എ) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികയിലെ സാമ്പത്തിക പ്രതിസന്ധി മൂലം പ്രൊപ്പോസൽ നീട്ടി വയ്ക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുകയാണ് എന്ന പരാമർശം ഒഴിവാക്കി പ്രസ്തുത ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്ന ഭേദഗതിയോടെ ടി മറുപടി സമിതി അംഗീകരിച്ചു.

വിമുക്തി പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ആന്റി നർക്കോട്ടിക്സ് സെല്ലുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും വിമുക്തി ക്ലബ്ബുകളിൽ സ്റ്റുഡന്റ്സ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ടെന്നും ആരൊക്കെയാണ് നിലവിൽ ലഹരി ഉപയോഗിക്കുന്നതെന്നും എവിടെ നിന്നാണ് അത് ലഭിക്കുന്നതെന്നും വകുപ്പിന് വിവരം ലഭിക്കാറുണ്ടെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചതിൽ വിമുക്തിയുടെ ഭാഗമായി കൗൺസിലിംഗ് ശക്തിപ്പെടുത്തണമെന്നും ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

III. സമിതി ചുവടെ ചേർത്തിട്ടുള്ള കരട് റിപ്പോർട്ടുകൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23) -ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[ഫയൽ നം. 12945/സബ്.സി.ഇ 2/2022/നി.സെ.]

2. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

[ഫയൽ നം. 10983/സബ്.സി.ഇ 2/2023/നി.സെ.]

യോഗം ഉച്ചയ്ക്ക് 12.15 -ന് അവസാനിച്ചു.

## 3. 9-8-2023-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2023 ആഗസ്റ്റ് 9-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനു ശേഷം വൈകുന്നേരം 4.15 ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷും സമിതിയുടെ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ശ്രീ. ഡി. കെ. മുരളി
3. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. കെ. വി. സുമേഷ്
6. ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.
2. ശ്രീ. മഹിപാൽ യാദവ്, എക്സൈസ് കമ്മീഷണർ

3. ശ്രീ. എബ്രഹാം റെൻ. എസ്., ഡയറക്ടർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

4. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ ലോ സെക്രട്ടറി, നിയമ വകുപ്പ്

5. ശ്രീമതി സിനി ജെ. ഷുക്കൂർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

6. ശ്രീ. മധു കെ., അഡീഷണൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

7. ശ്രീ. പ്രമോദ് എം. വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്

8. ശ്രീ. ബി. എസ്. ഹരിദാസ്, ജോയിന്റ് കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

9. ശ്രീമതി സിന്ധു എൽ., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

സമിതി 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ, 2023-ലെ അബ്കാരി (ഭേദഗതി) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത ബില്ലുകളിലെ വ്യവസ്ഥകളിന്മേൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 4.25-ന് അവസാനിച്ചു.

## 4. 23-8-2023-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2023 ആഗസ്റ്റ് മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാനും ധനകാര്യവകുപ്പ് മന്ത്രിയുമായ ശ്രീ. കെ.എൻ. ബാലഗോപാൽ വീഡിയോ കോൺഫറൻസിംഗ് മുഖേന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രിയുമായ ശ്രീ. എം.ബി. രാജേഷും വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തു. സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), ഡി.കെ. മുരളി, തോട്ടത്തിൽ രവീന്ദ്രൻ, എൻ. ഷംസുദ്ദീൻ, കെ.വി.സുമേഷ് എന്നീ അംഗങ്ങൾ ഓൺലൈനായി പങ്കെടുത്ത പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. കെ.ടി. ജലീൽ

2. ശ്രീ. ഇ.കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ദീപ. വി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. അജിത് കുമാർ. വി.ഒ.,അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീമതി മേഘശ്രീ.ഡി.ആർ., ഇൻസ്‌പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പ്
3. ശ്രീ. എൻ.വി.സന്തോഷ്. ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. പ്രമോദ് എം.വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
5. ശ്രീ. പി.കെ. സാജൻകുമാർ, ജോയിന്റ് ഇൻസ്‌പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പ്.

സമിതി 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2013-ൽ ഫീസ് വർദ്ധനവ് വരുത്തിയ ശേഷം 10 വർഷത്തിന് ശേഷമാണ് ഈ ബില്ലിലൂടെ കാലാനുസൃതമായി ഫീസ് വർദ്ധിപ്പിക്കുന്നത് എന്ന് സമിതി നിരീക്ഷിച്ചു. ഓരോ സാമ്പത്തികവർഷവും നിശ്ചിത ശതമാനം വർദ്ധിപ്പിച്ചാൽ (2.5% or 5%) ചെറിയ ഒരു വർദ്ധനവേ ഉണ്ടാവുകയുള്ളുവെന്നും വർഷങ്ങൾ കഴിഞ്ഞുള്ള ഭീമമായ വർദ്ധനവ് ഒഴിവാക്കാൻ സാധിക്കുമെന്നും കാലാനുസൃതമായി വർദ്ധിപ്പിക്കാത്ത നികുതികൾ നിരവധിയുള്ള സാഹചര്യത്തിൽ എല്ലാ നികുതികളുടെ കാര്യത്തിലും വർഷം തോറുമുള്ള വർദ്ധനവ് സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും എല്ലാ ഫീസുകളും നികുതികളും സമയബന്ധിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരു പഠനം ആവശ്യമാണെന്നും സമിതി വിലയിരുത്തി.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ നികുതി സംബന്ധിച്ച് താരതമ്യപഠനം നടത്തുവാനും നികുതി, ഫീസ് എന്നിവ ഒരു നിശ്ചിത ശതമാനം വർഷംതോറും വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് മറ്റൊരു യോഗത്തിൽ ചർച്ച ചെയ്യുവാനും സമിതി തീരുമാനിച്ചു.

പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിന്മേൽ സർവ്വശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്ക് 12.00-ന് അവസാനിച്ചു.

## 5. 8-11-2023-ലെ യോഗനടപടി കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2023 നവംബർ 8-ാം തീയതി ബുധനാഴ്ച രാവിലെ 11.30 ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ.കെ.എൻ.ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുമായ ശ്രീ. വി. എൻ. വാസവനും താഴെ പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു.

1. ശ്രീ.ഡി.കെ. മുരളി
2. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

സർവ്വശ്രീ എൻ. ഷംസുദ്ദീൻ, കെ.വി.സുമേഷ്, ഇ.കെ. വിജയൻ എന്നീ അംഗങ്ങൾ ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. എ.ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.
2. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.
3. ശ്രീ. മഹിപാൽ യാദവ്, എക്സൈസ് കമ്മീഷണർ.
4. ശ്രീ. രാജൻ, അഡീഷണൽ എക്സൈസ് കമ്മീഷണർ.
5. ശ്രീ. എബ്രഹാം റെൻ എസ്., അഡീഷണൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.
6. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
7. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്.
8. ശ്രീ. പ്രമോദ് എം.വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്.

**കരട് ചട്ടങ്ങളുടെ പരിഗണന**

സമിതി, നികുതി വകുപ്പിൽ നിന്നും ലഭിച്ച കരട് ചട്ടങ്ങൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**1. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ വിദേശമദ്യ ചട്ട പ്രകാരം ലൈസൻസ് അനുവദിക്കുന്നതിനായി തയ്യാറാക്കിയ (The Foreign Liquor (....Amendment) Rules, 2023 )**

**(ഫയൽ നമ്പർ.13902/സബ്.സി.ഇ 2/2023/നി.സെ.)**

**(റഫറൻസ് നം:ജി1/187/2021/നികുതി,തീയതി:14-9-2023)**

**2. വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നതിന് ചെറുകിട യൂണിറ്റുകൾക്ക് അനുമതി നൽകുന്നതിനായി തയ്യാറാക്കിയ The Kerala Micro Distillery Rules,2023**

**(ഫയൽ നമ്പർ.15434/സബ്.സി.ഇ 2/2023/നി.സെ.)**

**(റഫറൻസ് നം:ജി1/188/2021/നികുതി,തീയതി:12-9-2023)**

പ്രസ്തുത കരട്ചട്ടങ്ങളുടെ പരിഗണന മാറ്റിവയ്ക്കുന്നതിനും എക്സ്-ഒഫീഷ്യോ അംഗമായ തദ്ദേശസ്വയംഭരണ - എക്സൈസ് വകുപ്പ് മന്ത്രി കൂടി പങ്കെടുക്കുന്ന മറ്റൊരു യോഗത്തിൽ പരിഗണിക്കുന്നതിനും സമിതി തീരുമാനിച്ചു.

**3. The Kerala General Sales Tax(Amendment) Rules, 2023**

**2023-ലെ കേരള പൊതു വിൽപ്പന നികുതി(ഭേദഗതി) ചട്ടം.**

**(ഫയൽ നമ്പർ.9064/സബ്.സി.ഇ 2/2023/നി.സെ.)**

**(റഫറൻസ് നം:ബി1/112/2023/റ്റി.ഡി.,തീയതി:7-8-2023)**

GST യുടെ മൂല നിയമത്തിൽ യാതൊരു മാറ്റവും വരുത്താതെ ഓഫീസർ തസ്തികയുടെ പേര് മാറ്റം മാത്രമാണ് പ്രസ്തുത കരട് ചട്ടത്തിൽ നടത്തിയിട്ടുള്ളതെന്നും " Commissioner of State Tax" എന്നത് "GST Commissioner" എന്നും " GST Deputy Commissioner" എന്നത് " GST Joint Commissioner" എന്നും പുനർനാമകരണം ചെയ്തുവെന്നും കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു. പ്രസ്തുത കരട് ചട്ടം ഭേദഗതികൾ കൂടാതെ അംഗീകരിച്ചു.

ജി.എസ്.ടി. വകുപ്പിന്റെ പുനസംഘടന ആദ്യമായി ആരംഭിച്ചത് കേരളത്തിലാണെന്നും വാഹനങ്ങൾ തടഞ്ഞുനിർത്തി പരിശോധന നടത്തുന്ന രീതിയിൽ മാറ്റം വരുത്തി ഡാറ്റയും വിശദവിവരങ്ങളും ശേഖരിച്ച് ഓഡിറ്റ് നടത്തുന്നതുപോലെയുള്ള കാര്യങ്ങൾ ചെയ്യുകയെന്നുള്ളതാണ് ജി.എസ്.ടി. യുടെ പ്രത്യേകതയെന്നും ജി.എസ്.ടി. കൗൺസിലിന്റെ അപ്പലേറ്റ് ട്രിബ്യൂണൽ കേരളത്തിൽ ആരംഭിക്കാൻ തീരുമാനമായിട്ടുണ്ടെന്നും കഴിഞ്ഞ രണ്ട് വർഷങ്ങളിലായി കേരളത്തിന് 20 മുതൽ 24% വരെ നികുതി വർദ്ധനയുണ്ടായെന്നും സമിതി അഭിപ്രായപ്പെട്ടു.

**4. The Kerala Value Added Tax(Amendment) Rules, 2023**

**(2023-ലെ കേരള മൂല്യ വർദ്ധിത നികുതി (ഭേദഗതി) ചട്ടം)**

**(ഫയൽ നമ്പർ.9064/സബ്.സി.ഇ 2/2023/നി.സെ.)**

**(റഫറൻസ് നം:ബി1/112/2023/റ്റി.ഡി.,തീയതി:7-8-2023)**

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഓഫീസർ തസ്തികയുടെ പുനർനാമകരണത്തിനു വേണ്ടി തയ്യാറാക്കിയ പ്രസ്തുത കരട് ചട്ടം ഭേദഗതികൾ കൂടാതെ സമിതി അംഗീകരിച്ചു.

ഉച്ചയ്ക്ക് ശേഷം 12.05 ന് യോഗനടപടികൾ അവസാനിച്ചു.

## 6. 1-2-2024-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2024 ഫെബ്രുവരി മാസം 1-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനു ശേഷം വൈകുന്നേരം 4.15-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ.എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. ഡി.കെ. മുരളി
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
3. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. കെ. വി. സുമേഷ്
6. ശ്രീ. ഇ.കെ.വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത്കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്
2. ശ്രീ. എബ്രഹാം റെൻ എസ്., സ്പെഷ്യൽ കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്
3. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി , നിയമ വകുപ്പ്
4. ശ്രീ. സുനിൽകുമാർ വി., ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്
5 ശ്രീ.എൻ.വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. മനോജ് കെ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
7. ശ്രീമതി രജനി സി., അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്.

## The Kerala State Goods and Services Tax (Amendment) Bill, 2024

(ഫയൽ നം.1723/സബ്.സി.ഇ 2/2023/നി.സെ.)

ഈ ആക്റ്റിലെ പ്രധാനപ്പെട്ട ഭേദഗതി ഓൺലൈൻ ഗെയിമിംഗ് സംബന്ധിച്ച നിർവചനം 2-ാം വകുപ്പിൽ ഉൾപ്പെടുത്തുന്നതാണെന്നും ഇന്ത്യയ്ക്ക് പുറത്ത് നിന്നുള്ള ഒരു കമ്പനി ഇന്ത്യയിലുള്ള വ്യക്തിക്ക് മണിഗെയിമിംഗ് സപ്ലൈ ചെയ്താൽ ആ കമ്പനി നിർബന്ധമായും ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കണമെന്നും നികുതി നിർണ്ണയം സംബന്ധിച്ച വ്യക്തത വരുത്തുന്നതുമാണ് മറ്റ് ഭേദഗതികളെന്നും സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ വിശദീകരിച്ചു. കൂടാതെ ഇന്ത്യയിൽ ഓൺലൈൻ ഗെയിമിംഗ് നിരോധിക്കുന്നതിന് ഈ ആക്റ്റ് നിലവിലുള്ളതുകൊണ്ട് പ്രത്യേകിച്ച് തടസ്സങ്ങളുണ്ടാകില്ലെന്ന ക്ലോസ്സും ബില്ലിൽ ഭേദഗതിയായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കമ്മീഷണർ കൂട്ടിച്ചേർത്തു.

തുടർന്ന് സമിതി, പ്രസ്തുത ബില്ല് ഖണ്ഡംഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയംഗങ്ങളായ സർവ്വശ്രീ എൻ. ഷംസുദ്ദീൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർ ബില്ലിലെ വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തുകയും ആയത് സംബന്ധിച്ച കുറിപ്പ് സമിതിയ്ക്ക് ലഭ്യമാക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.30-ന് അവസാനിച്ചു.

## 7. 22-2-2024-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII 2024 ഫെബ്രുവരി മാസം 22-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം.ബി. രാജേഷും, ബഹു. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തു, കൂടാതെ താഴെ പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു.

1. ഡോ. കെ.ടി. ജലീൽ
2. ശ്രീ. ഡി.കെ. മുരളി
3. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
4. ശ്രീ. കെ. വി. സുമേഷ്
5. ശ്രീ. ഇ.കെ.വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ജയകുമാർ.ജി., ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. അജിത്കുമാർ വി.ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്
2. ശ്രീ. രബീന്ദ്ര കുമാർ അഗർവാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. സൗരഭ് ജെയിൻ, സെക്രട്ടറി, ഊർജ്ജ & സൈനികക്ഷേമ വകുപ്പ്

4. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്

5 ശ്രീ. എബ്രഹം റെൻ എസ്., സ്പെഷ്യൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് & ഡയറക്ടർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

6. ശ്രീമതി ഷൈനി ജോർജ്, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

7. ശ്രീ. ഹരികുമാർ. ജി., അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

8. ശ്രീ. റ്റി.ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്

9. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

10. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി ധനകാര്യ വകുപ്പ്

11. ശ്രീമതി കൃഷ്ണപ്രിയ ഡി., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

12. ശ്രീ. പി. അനിൽ പ്രസാദ്, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

13. ശ്രീ. ഹമീദ് പി.എം., അഡീഷണൽ സെക്രട്ടറി & എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി

14. ശ്രീ. വി. സാജൻ, ട്രഷറി വകുപ്പ്

15. ശ്രീ. ശ്രീകുമാർ ബി., ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

16. ക്യാപ്റ്റൻ വിനോദ് മാത്യൂ, ഡയറക്ടർ സൈനികക്ഷേമ വകുപ്പ്

17. ശ്രീ. മനു എസ്., ഡയറക്ടർ, ധനകാര്യ (ദേശീയ സമ്പാദ്യപദ്ധതി) വകുപ്പ്

18. ശ്രീമതി മിനി കൃഷ്ണൻ,, ഡയറക്ടർ (ഇൻ-ചാർജ്), കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

19. ശ്രീമതി മിനിമോൾ കെ.ജി., ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

20. ശ്രീ. വിനോദ്. ജി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

21. ശ്രീമതി ഉമാദേവി എൽ.ജി., ജോയിന്റ് സെക്രട്ടറി, പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

22. ശ്രീ. മനോജ് കെ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്

23. ശ്രീമതി പ്രീതി എസ്., ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്

24. ശ്രീ. ജയറാം കുമാർ ആർ., ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്

25. ശ്രീ. അജിത് കുമാർ പി., അഡീഷണൽ ഡയറക്ടർ, ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) വകുപ്പ്

26. ശ്രീ. രാജ്കപൂർ എം., ജോയിന്റ് ഡയറക്ടർ, സംസ്ഥാന ലോട്ടറി വകുപ്പ്

27. ശ്രീ. സുജീഷ് എസ്., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

28. ശ്രീ. കെ.ജെ. ജോസഫ്, ഡയറക്ടർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്)

29. ശ്രീമതി കുമാരി ബീന വി.ടി., സെക്രട്ടറി, രാജീവ് ഗാന്ധി, അക്കാഡമി ഫോർ ഏവീയേഷൻ ടെക്നോളജി

30. ശ്രീമതി മഞ്ജു. എം.എസ്., അണ്ടർ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

31. ശ്രീ. അനിൽകുമാർ. സി., അസിസ്റ്റന്റ് ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

32. ശ്രീമതി ശുഭലക്ഷ്മി ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

33. ശ്രീമതി മീനാംബിക കെ.ബി., ഫിനാൻസ് ഓഫീസർ, സൈനികക്ഷേമ വകുപ്പ്

34. ശ്രീ. ജോബി തോമസ്, ഫിനാൻസ് ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

35. ശ്രീമതി പാർവ്വതി ചന്ദ്രൻ എൽ., ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

36. ശ്രീ. എ. ഹബീബ്, ഡിവിഷണൽ ഓഫീസർ, കേരള സംസ്ഥാന വഖഫ് ബോർഡ്.

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള V, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്ന് ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ V

## ചരക്ക് സേവന നികുതിയും കാർഷികാദായ

## നികുതിയും വിൽപ്പന നികുതിയും

2040-00-188-99—ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്)

31—സഹായധനം - ശമ്പളം

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പി.എച്ച്.ഡി. അടക്കമുള്ള അക്കാദമിക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിയമിതരായ പുതിയ അക്കാദമിക്ക് സ്റ്റാഫിന്റെ ശമ്പള ബാധ്യത നിറവേറ്റുന്നതിന് പര്യാപ്തമായ തുക 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ 1.23 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

ഗവേഷണ വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പ് ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 60 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം ശമ്പളേതരം - ക്യാപിറ്റൽ അസറ്റ് എന്ന ശീർഷകത്തിൽ ഹോസ്റ്റൽ നിർമ്മാണത്തിന് 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനഃപുനവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-001-93—ഐ.ടി. അടിസ്ഥാന സൗകര്യവികസനം-വിവര സാങ്കേതിക കാര്യങ്ങൾ

കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ സുഗമമായ ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പ് എന്നിവ വാങ്ങുന്നതിനും, ഡിജിറ്റൽ യൂണിവേഴ്സിറ്റിയ്ക്ക് തുക നൽകുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. Data analysis and application development-നായി ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് 4 കോടി രൂപയും Hardware and Software requirements ഇനത്തിൽ 3 കോടി രൂപയും purchase and installation of new server and upgradation of

existing server ഇനത്തിൽ 2.20 കോടി രൂപയും AMC Support for Centralised UPS phase-1 ഇനത്തിൽ 80 ലക്ഷം രൂപയും ചേർത്ത് 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-001-92—പൊതു അവബോധവും കാര്യക്ഷമത മെച്ചപ്പെടുത്തലും

നികുതി സമ്പ്രദായത്തിന്റെ ഡീലർ രജിസ്ട്രേഷൻ എടുക്കുന്നതിന്റെ പ്രാധാന്യം നികുതി അടയ്ക്കേണ്ടതിന്റെ ആവശ്യകത ജി.എസ്.ടി. നിയമവുമായ ബന്ധപ്പെട്ട മറ്റ് ഘടകങ്ങൾ സംബന്ധിച്ച പൊതുജനാവബോധം മെച്ചപ്പെടുത്തുന്നതിനും ആംനെസ്റ്റി പദ്ധതി 2024-ന്റെ പ്രചരണാർത്ഥം നികുതിദായകരിൽ അവബോധം സൃഷ്ടിക്കാനുമായുള്ള ചെലവുകൾ നിർവഹിക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനഃപുനവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-001-97-21—01-വാഹനം വാങ്ങൽ

5475-00-800-80-03— മരാമത്ത് ചെലവുകൾ

പ്രസ്തുത ശീർഷകങ്ങളിൽ അനുവദിച്ച തുക മതിയാകുമെന്നും കൂടുതൽ തുക നിലവിൽ ആവശ്യമില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

2043-00-101-97-15—ചരക്കുസേവന നികുതി കാര്യാലയങ്ങൾ-രഹസ്യ സേവന ചെലവുകൾ

സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നികുതി വെട്ടിപ്പുകൾക്ക് തടയിടുന്ന വിപുലമായ പ്രവർത്തനങ്ങൾക്കും ഇൻഫോർമർ മാനേജ്മെന്റ്, റിവാർഡ് നൽകൽ എന്നീ പ്രവർത്തനങ്ങൾക്കുമായി നിലവിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 20 ലക്ഷം രൂപ പര്യാപ്തമല്ല. ആയതിനാൽ ടി ശീർഷകത്തിൽ 2.9 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2045-00-200-99—സംഭരണ ചെലവുകൾ- മറ്റ് നികുതികളും തീരുവകളും- ലൈസൻസിംഗ് ബോർഡ്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ഭാഗമായിട്ടുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നടത്തുന്ന വയർമാൻ, സൂപ്പർവൈസർ പരീക്ഷകളുടെ അപേക്ഷകളുടെ എണ്ണം വർദ്ധിക്കുന്നതിനാലും പരീക്ഷ നടത്തുന്ന ചെലവ് വർദ്ധിച്ചതിനാലും 05-4 ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ എന്ന കണക്കിനത്തിൽ, നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ X- ട്രഷറികളും അക്കൗണ്ടുകളും**

2054-00-098-99-06—കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - വാടക, കരം, നികുതി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 10 ഉപകാര്യാലയങ്ങളുടെ പ്രതിമാസ വാടക, വാടക കുടിശ്ശിക എന്നിവയുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി 1.0989237 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആകയാൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-02 —മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

ഡയറക്ടറേറ്റിനും ഉപകാര്യാലയങ്ങൾക്കും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 2023-2024 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി പര്യാപ്തമല്ല. ആകയാൽ 3.27 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XI - ജില്ലാ ഭരണവും പലവകയും**

2047-00-103- 87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

2024-25 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 19.5 കോടി രൂപ നിരക്കിൽ 12 മാസത്തെ തുക വിതരണം ചെയ്യുന്നതിനായി 234 കോടി രൂപയും മുൻവർഷങ്ങളിലെ 2 മാസത്തെ പ്രതിഫല കുടിശ്ശികയായ 39 കോടി രൂപയും നൽകാനുണ്ട്. ആയതിനാൽ നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 34 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2047-00-103-85-10—എം.പി.കെ.ബി.വൈ. / എസ്.എ.എസ്. ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% ആയ സർക്കാർ വിഹിതവും 31-03-2024 വരെയുള്ള സർക്കാർ വിഹിതത്തിലെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും മേൽ ശീർഷകത്തിൽ വകയിരുത്തേണ്ടതുണ്ട്. ആയതിലേയ്ക്ക് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 37 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVI

പെൻഷനും പലവകയും

2071-01-200- 97—കോഴിക്കോട് സാമൂതിരി കുടുംബത്തിനുള്ള പെൻഷൻ

കോഴിക്കോട് സാമൂതിരി കുടുംബത്തിലെ 707 അംഗങ്ങൾക്ക് 2024-25 വർഷം പ്രതിമാസം 3000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 2.5452 കോടി രൂപ ആവശ്യമുണ്ട്. ആയതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 14.52 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-99—സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റ് വില്പന
-02-08 പ്രചരണ ചെലവുകൾ - പരസ്യം പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളിലൂടെ കൂടുതൽ പരസ്യങ്ങൾ നൽകുന്നതിനും, മുൻകാലങ്ങളിൽ പരസ്യം നൽകിയയിനത്തിലുള്ള കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനും, പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ സീരീസ് വർദ്ധിപ്പിച്ച് സമ്മാന ഘടന പരിഷ്കരിക്കുമ്പോൾ കൂടുതൽ സീരീസുകളും, നമ്പറുകളും നറുക്കെടുക്കാൻ സാധിക്കുന്ന തരത്തിലുള്ള പുതിയ മൊബൈൽ നറുക്കെടുപ്പ് യന്ത്രം വാങ്ങുന്നതിലേയ്ക്കുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 15 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103- 98—ഏജന്റുമാരുടെ കമ്മീഷൻ

ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകുമെന്നതിനാൽ 2024-2025 സാമ്പത്തിക വർഷം ഈ ഇനത്തിൽ ഏകദേശം 4473.25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ 95.65 കോടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103- 97— സമ്മാനദാനം

നിലവിലെ സമ്മാനഘടന അനുസരിച്ച് വിറ്റുവരവിന്റെ ഏകദേശം 59.5% തുക സമ്മാനയിനത്തിൽ ചെലവഴിക്കേണ്ടി വരുമെന്നതിനാൽ ഈ ഇനത്തിൽ ഏകദേശം 8080.1 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി ടി ശീർഷകത്തിൽ 282.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-94—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്

06- വാടക, കരം, നികുതി

ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനെക്സ് പ്രവർത്തിക്കുന്ന KTDFC യുടെ ഉടമസ്ഥതയിലുള്ള തമ്പാനൂരിലെ കെട്ടിടത്തിന്റെ വാടകയിനത്തിൽ 2024-2025 സാമ്പത്തിക വർഷം 12 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ 11 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

17—ചെറുകിട മരാമത്ത് പണികൾ

ഭാഗ്യക്കുറി വകുപ്പിലെ 35 ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായുള്ള നവീകരണ പ്രവർത്തനങ്ങൾക്കും, മുകളിലത്തെ നിലകളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ താഴത്തെ നിലകളിലേയ്ക്ക് മാറ്റുന്നതിനും, മറ്റു മരാമത്ത് പണികൾ എന്നിവ വഹിക്കുന്നതിനുമായും വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

99—വിവരസാങ്കേതിക വിദ്യ

ഭാഗ്യക്കുറി വകുപ്പിന്റെ സോഫ്റ്റ് വെയർ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ് വെയർ നടപ്പിൽ വരുത്തുന്നതിനും, ടിക്കറ്റ് വ്യാജമല്ലെന്ന് ഉറപ്പുവരുത്തി താമസം കൂടാതെ സമ്മാനത്തുക വിതരണം ചെയ്യുന്നതിന് ഓട്ടോമാറ്റിക് ക്യൂ.ആർ. കോഡ് സ്കാനിംഗ് മെഷീൻ വാങ്ങുന്നതിനും ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-93—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ

06-വാടക. കരം, നികുതി

ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഗ്രൗണ്ട് ഫ്ലോറിലേയ്ക്ക് ഓഫീസുകൾ മാറ്റുന്ന സാഹചര്യത്തിൽ വാടകയിനത്തിലെ ചെലവിൽ വർദ്ധനവുണ്ടാകുമെന്നതിനാൽ ടി ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-795-98—വീട് വായ്പ എഴുതിത്തള്ളൽ

വീട് വായ്പ എഴുതിത്തള്ളുന്ന തുക 5 ലക്ഷമായി വർദ്ധിപ്പിച്ചിരുന്നതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാലും ടി ശീർഷകത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 22.14 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-800-81—<u>കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം</u>

ഹജ്ജ്കമ്മിറ്റി ഓഫീസിൽ പുതുതായി നിയമിച്ച എക്സിക്യൂട്ടീവ് ഓഫീസറുടെ ശമ്പള ഇനത്തിലും, ഹജ്ജ് വോളണ്ടിയർ ഇനത്തിലും, ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് ഇനത്തിലും അധികമായി ഉണ്ടാകുന്ന ചെലവുകൾ വഹിക്കുന്നതിനുമായി മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 2.902 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-800-78—<u>വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേകധനസഹായം</u>

സോഷ്യൽ വെൽഫെയർ സ്കീം(കേരള) പ്രകാരം സാങ്ഷൻ കമ്മിറ്റി വിവിധ തീയതികളിലായി പാസ്സാക്കിയിട്ടുള്ള അപേക്ഷകളിന്മേൽ കുടിശ്ശികയായിട്ടുള്ള തുക കൊടുത്തു തീർക്കുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-800- 52—<u>തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം</u>

തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകത്തിന്റെ നിർമ്മാണം പുരോഗമിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ടി ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ -XXVIII

<u>പലവക സാമ്പത്തിക സർവ്വീസുകൾ</u>

3454-02-112-89—<u>ഭാരതീയസ്ഥിതിവിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി.) സംസ്ഥാന പദ്ധതി</u>

സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന്റെ കെട്ടിടത്തിലെ പരിശീലനഹാളിൽ SASA-യുടെ അംഗീകൃത പരിശീലന പരിപാടികൾ കൂടാതെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ ബഡ്ജറ്ററി പ്രൊവിഷനിലുള്ള പരിശീലനങ്ങളും നടത്തുന്നതിനാൽ നിലവിലെ 30 പേർക്ക് ഇരിക്കാവുന്ന പരിശീലന ഹാൾ അപര്യാപ്തമായതിനാൽ 2024-25 വർഷം 4-ാമത് ഒരു നിലകൂടി അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ പണികഴിപ്പിക്കുന്നതിന് നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-203-98—ഡയറക്ടറേറ്റിൽ ഒരു സംഗണക വിഭാഗം സ്ഥാപിക്കുന്നതിന്

കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖാന്തരം സാമ്പത്തിക സ്ഥിതിവിവരണ കണക്ക് വകുപ്പിന്റെ എല്ലാ പ്രധാന പദ്ധതികളുടെ ഓൺലൈൻ ഡേറ്റാ ശേഖരണം, ഡേറ്റാ ക്രോഡീകരണം, ഡേറ്റാ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്കായി പുതിയ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള 8 ഷെഡ്യൂളുകളിൽ പ്രധാനപ്പെട്ട ഇ.എ.ആർ.എ.എസ്. മോഡ്യൂൾ വികസിപ്പിക്കുന്നതിന് ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-203- 97—വാഹനങ്ങൾ വാങ്ങുന്നതിന്

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന് നിലവിൽ ആലപ്പുഴ, പത്തനംതിട്ട, കണ്ണൂർ, കോട്ടയം, കൊല്ലം, പാലക്കാട്, വയനാട് ജില്ലകളിലെ ഓഫീസുകൾക്ക് മാത്രമേ ഔദ്യോഗിക വാഹനം ഉള്ളൂവെന്നും മറ്റുള്ള ജില്ലകളിലെ ഓഫീസുകൾക്കായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വേണ്ടി 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-203- 95—ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ ഫീൽഡ്തല സർവ്വെയ്ക്ക് വേണ്ടി ഇൻവെസ്റ്റിഗേറ്റർമാർ, സൂപ്പർവൈസറി ഉദ്യോഗസ്ഥർ, താലൂക്ക് ഓഫീസുകളിലെ TSO, SI- മാർ ജില്ലാതല സൂപ്പർ വൈസറി ഉദ്യോഗസ്ഥർ, ഡയറക്ടറേറ്റിലെ സൂപ്പർവൈസറി ഉദ്യോഗസ്ഥർ എന്നിവർക്ക് വേണ്ടി അധികമായി 629 ടാബ്ലെറ്റുകൾ വാങ്ങുന്നതിനും ഇന്റർനെറ്റ് കണക്റ്റിവിറ്റിക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XLV —പലവക വായ്പകളും മുൻകൂറുകളും**

7610-00-800-93—അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥൻമാർക്കുള്ള മറ്റു മുൻകൂറുകൾ

സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കായി നിലവിൽ വന്നിട്ടുള്ള എ.ഐ.എസ്.(മെഡിക്കൽ ഫെസിലിറ്റീസ്) സ്കീം - 2020 പ്രകാരം അനുവദിക്കുന്ന പലിശരഹിത ചികിത്സാ വായ്പ അടിയന്തര സ്വഭാവമുള്ളതും ഉയർന്ന തുക ആവശ്യപ്പെട്ടുകൊണ്ടുള്ളതായതിനാലും നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XLVI —സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

2235-60-110-99—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്
05(4)-ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

പാസ്ബുക്ക്,പോളിസി സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടി ചെലവ്, ഓഫീസ് നവീകരണം എന്നിവയ്ക്ക് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

മൂന്ന് വർഷം കൂടുമ്പോൾ വാടക 15 % വർദ്ധിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 18.25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110- 98—ജില്ലാ ഓഫിസുകൾ 04-1-യാത്രചെലവുകൾ- യാത്രാബത്ത

ജില്ലകളിൽ 25 ഡെവലപ്മെന്റ് ഓഫീസർമാർക്ക് കുറഞ്ഞത് 20 ദിവസം യാത്രാബത്ത അനുവദിക്കേണ്ടി വരുന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായി വരും. ആകയാൽ ടി ശീർഷകത്തിൽ 4 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-4—ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

ഓഫീസ് നവീകരണം, സ്റ്റേഷനറി ചാർജ്ജ് എന്നിവ വഹിക്കുന്നതിനായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7.71 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

ജില്ലകളിലെ ഓഫീസ് കെട്ടിടങ്ങൾ മാറ്റിയതിനാലും നിലവിലുള്ള കെട്ടിടത്തിന്റെ വാടക വർദ്ധിച്ചതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായി വരുന്നതിനാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110- 97—സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കംപ്യൂട്ടർവൽകരണം

സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനും വാർഷിക പരിപാലനത്തിനും പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ഇ-ഓഫീസ് പ്രവർത്തനസജ്ജമാക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 22 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.15-ന് അവസാനിച്ചു.

## 8. 28-2-2024-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2024 ഫെബ്രുവരി മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 11.30 ന് നിയമസഭാ സമുച്ചയത്തിലെ 604-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ.എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം.ബി. രാജേഷും, ബഹു. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തിരുന്നു.

1. ഡോ. കെ.ടി. ജലീൽ
2. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. കെ. വി. സുമേഷ്
5. ശ്രീ. ഇ.കെ.വിജയൻ
6. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വീഡിയോ കോൺഫറൻസിംഗ് മുഖേന).

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത്കുമാർ വി.ഒ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. മഹിപാൽ യാദവ്, എക്സൈസ് കമ്മീഷണർ
2. ശ്രീമതി ശ്രീധന്യ സുമേഷ്, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
3. ശ്രീ. ബി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
4. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്
5. ശ്രീ.ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. അനൂപ് ആർ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

7. ശ്രീ. പ്രമോദ് എം.വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്

8. ശ്രീമതി ശ്രീകല എസ്.പണിക്കർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

9. ശ്രീ. പി.കെ.സജൻകുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്

10. ശ്രീമതി ബീന കെ.ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമവകുപ്പ്

11. ശ്രീ. മധു കെ., അസിസ്റ്റന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.

സമിതി, 2024-25 സാമ്പത്തിക വർഷത്തെ മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ VII, എക്സൈസ് സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ VIII എന്നിവയിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച ധനാഭ്യർത്ഥന കുറിപ്പുകളും നികുതി (ജി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ കരട് ചട്ടങ്ങളും പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## 1.ധനാഭ്യർത്ഥനകളുടെ പരിശോധന

### ധനാഭ്യർത്ഥന നമ്പർ VII- മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

2030-03-001-99—രജിസ്ട്രേഷൻ- നടത്തിപ്പും ഭരണവും

05-03—ഓഫിസ് ചെലവുകൾ- ടെലിഫോൺ ചെലവ്

രജിസ്ട്രേഷൻ ഓഫീസിലെ ടെലിഫോൺ സംവിധാനം തകരാറിലായതിനെ തുടർന്ന് PWD, BSNL എന്നീ വകുപ്പുകളുടെ നിർദ്ദേശപ്രകാരം SIP Trunk സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി പ്രതിമാസം 34,450 രൂപ ചെലവ് വരുന്നതിനാൽ ടി ശീർഷകത്തിൽ 2.20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-03-001-95—സബ് രജിസ്ട്രി- ഓഫീസുകൾ

34-03—മറ്റ് ചെലവുകൾ- മറ്റിനം

സംസ്ഥാനത്തെ 40 സബ് രജിസ്ട്രി ഓഫീസുകളുടെ ഉദ്ഘാടനത്തിനും ഷിഫ്റ്റിംഗ് ചാർജ് ഇനത്തിലും 45.43 ലക്ഷം രൂപ ആവശ്യമായി വരുന്നതിനാൽ ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 45.43 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-02-102-99—<u>മുദ്രപ്പത്രങ്ങൾ നോൺ ജുഡീഷ്യൽ മുദ്രപ്പത്ര വിൽപ്പനചെലവുകൾ</u>

നോൺ ജുഡീഷ്യൽ മുദ്രപ്പത്ര വിൽപ്പനയ്ക്ക് അനുസരിച്ച് സ്റ്റാമ്പ് വെണ്ടർമാർക്ക് ഡിസ്കൗണ്ട് നൽകേണ്ടതിനാലും മുദ്രപ്പത്ര വിൽപ്പനയിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാലും മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നിലവിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഡിനോമിനേഷനുകൾക്കാണ് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും, 25,000 രൂപ വരെയുള്ള ഫിസിക്കൽ സ്റ്റാമ്പ് പേപ്പറാണ് നിലവിലുള്ളതെന്നും പ്രസ്തുത പത്രങ്ങൾക്ക് 2% ആണ് കമ്മീഷൻ നല്കിവരുന്നതെന്നും ഇ-സ്റ്റാമ്പിംഗ് ആരംഭിച്ചപ്പോൾ മുദ്രപ്പത്രങ്ങൾക്ക് കുറവ് വന്നതിനെതുടർന്ന് ചെറിയ ഡിനോമിനേഷനിലുള്ള മുദ്രപ്പത്രങ്ങൾ റീവാലിഡേറ്റ് ചെയ്ത് വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ടെന്നും, വെണ്ടർമാരുമായുള്ള കമ്മീഷന്റെ പ്രശ്നം പരിഹരിക്കപ്പെട്ടാൽ അവർ ഇ-സ്റ്റാമ്പിംഗിനെ അനുകൂലിക്കുമെന്നും ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ സമിതിയിൽ വ്യക്തമാക്കി.

2030-01-101-99—<u>മുദ്രപ്പത്രങ്ങൾ ജുഡീഷ്യൽ -സ്റ്റാമ്പിന്റെ വില</u>

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമായതിനാൽ അധികതുക ആവശ്യമില്ലെന്ന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് അസിസ്റ്റന്റ് കമ്മീഷണർ അറിയിച്ചു.

2030-02-101-99—<u>മുദ്രപ്പത്രങ്ങൾ നോൺ ജുഡീഷ്യൽ - സ്റ്റാമ്പിന്റെ വില</u>

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമായതിനാൽ അധികതുക ആവശ്യമില്ലെന്ന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് അസിസ്റ്റന്റ് കമ്മീഷണർ അറിയിച്ചു.

## ധനാഭ്യർത്ഥന നം. VIII- എക്സൈസ്

2039-00-001-99—<u>നടത്തിപ്പും ഭരണവും - മേൽനോട്ടം</u>

06 —<u>വാടക, കരം, നികുതി</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ എന്നിവ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34-3 —<u>മറ്റു ചെലവുകൾ - മറ്റിനം</u>

മേൽ ശീർഷകത്തിൽ ഓഫീസ് ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 27 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45 —<u>പി.ഒ.എൽ.</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ ചെലവിനത്തിൽ കുടിശ്ശികയായുള്ള തുക ഉൾപ്പെടെ നൽകുന്നതിലേയ്ക്കായി പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ ഒരു കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98—<u>റേഞ്ച് ഓഫീസുകൾ</u>

06—<u>വാടക, കരം, നികുതി</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ല. ആയതിനാൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2 —<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45 —<u>പി.ഒ.എൽ.</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ പി.ഒ.എൽ. ചെലവിനത്തിൽ വൻ തുക കുടിശ്ശികയുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-94-34-3—<u>എക്സൈസ് വകുപ്പിന്റെ നവീകരണം</u>

പ്രസ്തുത ശീർഷകത്തിൽ നിലവിൽ അനുവദിച്ച വിഹിതം 90 ലക്ഷം രൂപയാണ്. വകുപ്പിന്റെ നവീകരണത്തിനായി പ്രസ്തുത തുക പര്യാപ്തമല്ലാത്തതിനാൽ 60 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## II. കരട് ചട്ടങ്ങളുടെ പരിഗണന

1. The Foreign Liquor (...........Amendment) Rules, 2022

(ഫയൽ നം.13902/സബ്.സി.ഇ 2/2022/നി.സെ.)

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ വിദേശ മദ്യ ചട്ടപ്രകാരം ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് നികുതി വകുപ്പിൽ നിന്നും ലഭ്യമാക്കിയ കരട് ചട്ടം പരിഗണിച്ച 9-11-2022-ലെ സമിതി യോഗം പ്രസ്തുത ചട്ടത്തിൽ ഏതാനും ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. കരട് ചട്ടത്തിൽ സമിതി നിർദ്ദേശിച്ച ഭേദഗതികളിൽ ദൂരപരിധിയുമായി ബന്ധപ്പെട്ടത് ഒഴിച്ച് സമിതി നൽകിയ നിർദ്ദേശങ്ങളെല്ലാം ഉൾപ്പെടുത്തി പുതുക്കിയ കരട് ചട്ടം The Foreign Liquor (...........Amendment) Rules, 2023 വിശദീകരണ കുറിപ്പ് സഹിതം നികുതി വകുപ്പിലെ 14-9-2023-ലെ <u>കത്തു</u> പ്രകാരം ലഭ്യമാക്കുകയുണ്ടായത് യോഗത്തിൽ സമിതി പരിഗണിച്ചു.

ലൈസൻസ് അനുവദിക്കുന്നതിന്റെ ദൂരപരിധിനിയമം സംബന്ധിച്ച് സമിതി ആരാഞ്ഞു. FL-1 (foreign Liquor-1) ലൈസൻസ് ബെവ്കോയുടെയും കൺസ്യൂമർ ഫെഡ്ഡിന്റെയും ഷോപ്പുകൾക്കും FL-3 ലൈസൻസ് ബാറുകൾക്കും, FL-11 ലൈസൻസ് ബിയർ-വൈൻ പാർലറുകൾക്കുമാണ് അനുവദിക്കുന്നതെന്നും FL-4 A ലൈസൻസ് ക്ലബ്ബുകൾക്ക് അനുവദിക്കുന്നതാണെന്നും FL-4 A ലൈസൻസിനും മറ്റ് വിദേശമദ്യ ലൈസൻസിനും ദൂരപരിധി നിയമം ബാധകമല്ലെന്നും സർക്കാർ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളും പൊതു സ്വകാര്യ സംരംഭമായി പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളും ഐ.ടി. വകുപ്പിന്റെ നയനിർവചനം അനുസരിച്ച് പ്രവർത്തിക്കുന്ന IT/ITES പാർക്കുകളും വിശാലമായ ഭൂപ്രദേശത്ത് നിരവധി കെട്ടിടങ്ങളിലായി കമ്പനികൾക്ക് പ്രവർത്തന സൗകര്യം ഒരുക്കിയിട്ടുള്ളതും ടി പാർക്കുകളിലേക്ക് പ്രവേശനത്തിനായി ഒന്നിലധികം കവാടങ്ങൾ ഉള്ളതുമായതിനാൽ പ്രത്യേക മേഖലയ്ക്കുള്ളിൽ പ്രവർത്തിക്കാൻ അനുമതി നൽകുന്നതുമായ ഈ വിദേശ മദ്യ ലൈസൻസിന്, പ്രസ്തുത ഐ.ടി. പാർക്കിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള കവാടങ്ങളിൽ നിന്നും ദൂര പരിധി നിയമം ബാധകമാക്കുന്നത് പ്രായോഗികമല്ലെന്നും സമിതിയുടെ ചോദ്യങ്ങൾക്കു മറുപടിയായി നികുതി വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

സർക്കാർ നിയന്ത്രണത്തിലുള്ള ഐ.റ്റി. പാർക്കുകളും സ്മാർട്ട് സിറ്റി പോലുള്ള PPP (Public Private Partnership) മോഡലിൽ പ്രവർത്തിക്കുന്നവയുമാണ് Developer-ൽ ഉൾപ്പെടുന്നതെന്നും ഇൻഫോസിസ് പോലെ I.T പാർക്കിന്റെ സ്ഥലം ലീസിന് എടുത്ത് കെട്ടിടം നിർമ്മിച്ച് നൽകുന്ന സ്ഥാപനങ്ങളാണ് Co-developer-ൽ ഉൾപ്പെടുന്നതെന്നും സ്വകാര്യ ഐ.ടി. സ്ഥാപനങ്ങൾക്കൊന്നും തന്നെ പ്രസ്തുത ലൈസൻസ് അനുവദിക്കില്ലെന്നും ഐ.ടി. വകുപ്പിന്റെ പോളിസിയിൽ വരുന്ന പാർക്കുകൾക്ക് മാത്രമേ അനുമതി നൽകുകയുള്ളൂവെന്നും Developer, Co-Developer എന്ന നിർവ്വചനത്തിൽ സ്വകാര്യ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ലെന്നും ഒരു Developer ക്ക് സാധാരണയായി ഒരു ലൈസൻസ് മാത്രമേ നൽകുകയുള്ളൂവെന്നും ജോയിന്റ് സെക്രട്ടറി വിശദമാക്കി .

തിരുവനന്തപുരത്ത് തന്നെ ഉദ്ദേശം 20-ഓളം Co-developer-മാർ ഉണ്ടെന്ന് നിരീക്ഷിച്ച സമിതി, സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കുന്ന കാര്യത്തിൽ സമയപരിധി നിശ്ചയിച്ച് വ്യക്തമായ നിലപാട് സ്വീകരിക്കേണ്ടതുണ്ടെന്നും പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഓരോ സ്ഥാപനത്തിനും ലൈസൻസ് അനുവദിച്ച് അതിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതായിരിക്കും ഉചിതമെന്ന് വിലയിരുത്തുകയും നിലവിൽ Developer-ക്ക് മാത്രം ലൈസൻസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിനും തീരുമാനിച്ചു.

തുടർന്ന് സമിതി, പ്രസ്തുത കരട് ചട്ടം താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിക്കുകയും ചെയ്തു.

(i) ചട്ടത്തിന്റെ പേരിനൊപ്പം ചേർത്തിട്ടുള്ള വർഷം 2024 എന്ന് മാറ്റം വരുത്തുക

(ii) ചട്ടം 2 പ്രകാരം ചട്ടം 13-നോട് കൂട്ടിചേർക്കാൻ നിർദ്ദേശിച്ചിട്ടുള്ള ഉപചട്ടം (4C)യിലെ Co-developer എന്ന വാക്കും, Note:(2)-ലെ " Co-developer in this rules means എന്ന് തുടങ്ങി ….….by the Co-developer" എന്ന് അവസാനിക്കുന്നതുവരെയുള്ള ഭാഗവും ഒഴിവാക്കുക.

(iii) ഒരു Developer ന് ഒരു ലൈസൻസ് മാത്രമേ അനുവദിക്കുകയുള്ളൂവെന്നത് സംബന്ധിച്ച ചട്ടത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

## 2. The Kerala Micro Distillary Rules, 2023

(ഫയൽ നം.15434/സബ്.സി.ഇ 2/2023/നി.സെ.)

ധാന്യങ്ങൾ ഒഴികെയുള്ള കാർഷികോൽപ്പന്നങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപാദിപ്പിക്കുന്നതിന് ചെറുകിട യൂണിറ്റുകൾക്ക് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകളാണ് The Kerala Micro Distillary Rules, 2023 സംബന്ധിച്ച കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പഴവർഗ്ഗങ്ങളിൽ നിന്നും കാർഷികോല്പന്നങ്ങളിൽ നിന്നുമാണ് മദ്യം

നിർമ്മിക്കുന്നതെന്നും പ്രൈവറ്റ് പാർട്ടികൾക്ക് ഇത് സംബന്ധിച്ച് ലൈസൻസ് അനുവദിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും കെ.എസ്.ബി.സി. വഴിയാണ് വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതെന്നും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു.

പ്രസ്തുത കരട് ചട്ടം പരിഗണിച്ച സമിതി, താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശങ്ങളോടെ കരട് ചട്ടം അംഗീകരിച്ചു.

(i) ചട്ടത്തിന്റെ പേരിനൊപ്പം ചേർത്തിട്ടുള്ള വർഷം 2024 എന്ന് മാറ്റം വരുത്തുക

(ii) ചട്ടം 2-ൽ ചേർത്തിട്ടുള്ള നിർവ്വചനങ്ങളോടൊപ്പം Form-ന്റെ നിർവ്വചനമായി ' “ Form” means forms appended to these rules ' എന്ന് കൂടി യഥാസ്ഥാനത്ത് ഉൾപ്പെടുത്തുക.

(iii) ചട്ടം 26 ഒഴിവാക്കുക.

### 3. The Kerala Sweet Toddy (NEERA) (Amendment) Rules,2023

(ഫയൽ നം.19926/സബ്.സി.ഇ 2/2023/നി.സെ.)

നീര ലൈസൻസിനായി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഒഴിവാക്കികൊണ്ടും കെൽപാം (Kerala state palmyrah products Development and workers welfare Co-operation Limited)-ന് നീര ഉല്പാദനത്തിന് അനുമതി നൽകികൊണ്ടുള്ള വ്യവസ്ഥകളാണ് ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുന്നതെന്ന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥൻ സമിതിയിൽ വ്യക്തമാക്കി. നീരക്ക് കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധനയുള്ളതിനാലാണ് ചട്ടത്തിന്റെ പേര് Sweet Toddy എന്ന് നിലനിർത്തിയിരുന്നതെന്നും ഇപ്പോൾ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ക്ലിയറൻസ് ഒഴിവാക്കുന്നതിനാൽ ചട്ടത്തിന്റെ പേര് “ Sweet Toddy” എന്നതിന് പകരം 'നീര ' എന്ന് പ്രയോഗിച്ചാൽ മതിയാകുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് സമിതി താഴെ പറയുന്ന ഭേദഗതി നിർദ്ദേശങ്ങളോടെ കരട് ചട്ടം അംഗീകരിക്കുകയും ചെയ്തു.

(a) ചട്ടത്തിന്റെ പേര് “ The Kerala Sweet Toddy (NEERA) (Amendment)Rules, 2023” എന്നത് “ The Kerala NEERA (Amendment) Rules,2024” എന്ന് മാറ്റം വരുത്തുക.

(b) ചട്ടം 2 (7)-ൽ “ in rule 9" എന്നതിനു ശേഷം “ (a)” എന്ന ഐറ്റം നമ്പർ കൂടി ചേർക്കുക. കൂടാതെ “ (b) എന്ന സബ് റൂളിലെ “ (i)” എന്ന അക്കവും ബ്രാക്കറ്റും ഒഴിവാക്കി വാചകം ഒന്നാക്കി ഒരു ലൈനിൽ ചേർക്കേണ്ടതാണ്.

(c) ചട്ടം 2 (10) പ്രകാരം കൂട്ടി ചേർത്തിരിക്കുന്ന Form II (1), Form II (2), Form No III എന്നതിൽ " Form No III " എന്ന് ചേർത്തിട്ടുള്ളത് " Form No. II (3)" എന്ന് മാറ്റം വരുത്തേണ്ടതാണ്.

യോഗം ഉച്ചയ്ക്ക് ശേഷം 1.15- ന് അവസാനിച്ചു.

## 9. 6-3-2024-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2024 മാർച്ച് മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ.എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷും ബഹു. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെ പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ഡോ. കെ.ടി. ജലീൽ
2. ശ്രീ. ഇ.കെ.വിജയൻ
3. ശ്രീ. എൻ. ഷംസുദ്ദീൻ (വീഡിയോ കോൺഫറൻസിംഗ് മുഖേന)
4. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ( ")
5. ശ്രീ. കെ.വി. സുമേഷ് (")

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത്കുമാർ വി.ഒ., അണ്ടർ സെക്രട്ടറി

സമിതി, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് 12 മണിയ്ക്ക് അവസാനിച്ചു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.